Deivarajyam January 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/1/2015
● Posted at Thodupuzha Stg.
Annual Subscription Rs. 75.00

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 54
ജനുവരി 2015
ലക്കം 1



# ആദരാഞ്ജലികളോടെ...

## ദൈവസന്നിധിയിൽ 33 വർഷം



## മാർ മാത്യു പോത്തനാമൂഴി

**2015 ഫെബ്രുവരി 06**

അഭിവന്ദ്യ പിതാവിനുവേണ്ടി 06–02–2015 വെള്ളിയാഴ്ച രാവിലെ 7.00 മണിയ്ക്ക് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലിയും തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

പാവനസ്മരണകളോടെ
കോതമംഗലം രൂപത

**Congregation for Institutes of consecrated life and Societies of apostolic life**
**Presentation of the Logo for the 'Year of Consecrated Life'**

**Head Word: Consecrated Life in today's Church Gospel, Prophecy, Hope.**

### The Logo

A dove supports on one wing a polyhedral globe, and while resting on the water, it safeguards with the other wing three stars that arise from the water.

The Logo for the Year of Consecrated Life expresses through symbols the fundamental values of consecrated life. In it we recognize the "unceasing work of the Holy Spirit, who in every age shows forth the richness of the practice of the evangelical counsels through a multiplicity of charisms. In the lines that outline the form of the dove one can intuit the word 'Peace' in Arabic: this is a reminder that consecrated life is called to be the model for universal reconciliation in Christ.

### The symbols of the Logo

### The dove on the water

The dove is the classical symbol of the action of the Holy Spirit, who is the source of life and the inspirer of creativity. This is a flash-back to the origin of history: in the beginning the Spirit of God moved on the waters (cf Gen 1,2). The dove, gliding above a sea swollen with yet unexpressed life, symbolizes a patient and hope-filled fecundity, while the symbols around it reveal the creative and renewing action of the Spirit. The dove also evokes the consecration of the humanity of Christ through baptism

The waters are made of mosaic fragments; they indicate the complexity and the harmony of the human and cosmic elements that are made to "groan" by the Spirit according to God's mysterious plans (cf Rom 8, 26-27) so that they may converge into the hospitable and fruitful encounter that leads to a new creation. The dove flies among the waves of history, above the waters of the deluge (cf Gen 8, 8-14). The men and women, whose consecration was marked by the Gospel, have always been pilgrims among the nations; they live their various charismatic and diaconal presence like "good administrators of the multiform grace of God" (1Pt 4,10); they are marked by the Cross of Christ, even unto martyrdom; they journey through history equipped with the wisdom of the Gospel; indeed, a Church that embraces and heals all that is human in Christ

### The three stars

These stand for the identity of consecrated life as confession of Trinity, sign of fraternity and service of charity. They express the circular relationships found in the Trinitarian love, which consecrated life is called to live daily in the world. The stars also hint to the triple halo used in the Byzantine iconography to honor Mary, the Mother of God, the first Disciple of Christ and model and patron of every consecrated life.

### The polyhedral globe

The small polyhedral globe symbolizes the planet with its myriad variety of nations and cultures, as explained by Pope Francis (cf EG 236). It is the breath of the Spirit that sustains it and leads it towards the future: an invitation to all consecrated persons "to become bearers of the Spirit (pneumatophoroi), authentically spiritual men and women, capable of endowing history with hidden fruitfulness" (VC 6).



Fr. Mathew Kizhakkedath
Mob: 9745966586



Fr. George Maleparambil
Mob: 9497279274



Fr. Joseph Koonanickal
Mob: 9946141836



Fr. Joseph Pulickal
Mob: 9539783732



Fr. Antony Maliyeckal
Mob: 9746667900

കോതമംഗലം രൂപതയ്ക്കുവേണ്ടി പുരോഹിതരായി അഭിഷിക്തരായ ഈ നവവൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. രൂപതാവൈദികഗണത്തിലേക്കും പൗരോഹിത്യശുശ്രൂഷാരംഗങ്ങളിലേക്കും ഇവരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

*Bishop*

# നവവൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും



Fr. Paulose Nedumthadathil
Mob: 8281471305



Fr. Jacob Rathappillil
Mob: 9947511494



Fr. George Kochuparambil
Mob: 9744584634



Fr. Paul Avirapattu
Mob: 9447780908



Fr. Cyriac Kodamullil
Mob: 9539411334



Fr. George Marappillil
Mob: 9746332831

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No. 1 January 2015


## ലോകസമാധാനദിന സന്ദേശം

### ഫ്രാൻസിസ് മാർപാപ്പാ

### ജനുവരി 1, 2015

***ഇനിമേൽ അടിമകളല്ല, സഹോദരീസഹോദരന്മാരാണ്***

1. മുഴുവൻ മനുഷ്യവംശത്തിനും ദൈവത്തിന്റെ കൃപാപൂർണമായ ദാനമായിരിക്കുന്ന ഈ നവവർഷാരംഭത്തിൽ ഓരോ സ്ത്രീക്കും പുരുഷനും ലോകത്തിലെ എല്ലാ ജനതകൾക്കും രാഷ്ട്രങ്ങൾക്കും രാഷ്ട്രത്തലവന്മാർക്കും സന്ന്യസ്തരുടെ നേതാക്കൾക്കും ഞാൻ ഹൃദയപൂർവം സമാധാനാശംസ അറിയിക്കുന്നു. അങ്ങനെ ചെയ്തുകൊണ്ട് യുദ്ധങ്ങൾ അവസാനിക്കാനും മാനുഷികപ്രവർത്തനം വഴിയും ഭൂതകാലത്തെയും ഇന്നത്തെയും പകർച്ചവ്യാധികൾ വഴിയും പ്രകൃതി ക്ഷോഭംകൊണ്ടുണ്ടായ നാശങ്ങൾ വഴിയും സംജാതമായിട്ടുള്ള വലിയ സഹനം അവസാനിക്കാനും ഞാൻ പ്രാർത്ഥിക്കുന്നു. ലോകത്തിൽ ഐക്യവും സമാധാനവും വളർത്താൻ ദൈവത്തോടും സന്മനസ്സുള്ള എല്ലാവരോടും സഹകരിക്കാൻ നമുക്കുള്ള പൊതുവായ വിളിയുടെ അടിസ്ഥാനത്തിൽ, മനുഷ്യവംശത്തിനെതിരേ അയോഗ്യമാംവിധം പെരുമാറാനുള്ള പ്രലോഭനത്തെ തടയാൻ നമുക്കു സാധിക്കുന്നതിനു വേണ്ടിയും ഞാൻ പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

കഴിഞ്ഞവർഷത്തെ സമാധാനസന്ദേശത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "പൂർണജീവിതത്തിനുവേണ്ടിയുള്ള ആഗ്രഹം...



സാഹോദര്യത്തിനുവേണ്ടിയുള്ള ഒരാഗ്രഹം അത് ഉൾക്കൊള്ളുന്നുണ്ട്. മറ്റുള്ളവരുമായുള്ള സൗഹൃദത്തിലേക്ക് അതു നമ്മെ നയിക്കുന്നു. അവരെ ശത്രുക്കളായി കാണാതെ സ്വീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്യേണ്ട സഹോദരീസഹോദരന്മാരായി കാണാൻ അതു നമ്മെ സഹായിക്കുന്നു".[1] നമ്മൾ പ്രകൃത്യാ ബന്ധപ്പെട്ടു ജീവിക്കേണ്ടവരാണ്. നീതിയാലും സ്നേഹത്താലും പ്രചോദിതമായ വ്യക്ത്യന്തര ബന്ധങ്ങളിലൂടെ സാക്ഷാത്കാരം കണ്ടെത്തുകയെന്നതാണ് അതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് നമ്മുടെ മഹത്ത്വവും സ്വാതന്ത്ര്യവും സ്വയംഭരണാധികാരവും അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുകയെന്നത് നമ്മുടെ മാനുഷികവികസനത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായിട്ടുള്ളതാണ്. ദൗർഭാഗ്യവശാൽ വർധമാനമായ തോതിൽ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. അത് കൂട്ടായ്മയുടെ ജീവിതത്തെ തന്നെയും ബഹുമാനം, നീതി, സ്നേഹം എന്നിവയുള്ള വ്യക്ത്യന്തരബന്ധങ്ങൾ സൃഷ്ടിക്കാനുള്ള നമ്മുടെ വിളിയെയും വെറുക്കത്തക്ക പ്രതിഭാസമാണ്. മററുള്ളവരുടെ മൗലികാവകാശത്തോടുള്ള വെറുപ്പിലേക്കും അതു നയിക്കുന്നു. അന്യരുടെ സ്വാതന്ത്ര്യത്തെയും മഹത്ത്വത്തെയും അതു ഞെരുക്കിക്കളയുന്നു. അതിന് അനേകം രൂപങ്ങളുണ്ട്. അവയെപ്പറ്റി ചുരുക്കത്തിൽ പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ എല്ലാ സ്ത്രീപുരുഷന്മാരെയും "ഇനിമേൽ അടിമകളായിട്ടല്ലാതെ സഹോദരീസഹോദരന്മാരായി നമുക്കു പരിഗണിക്കാൻ കഴിയും."

**മനുഷ്യവംശത്തിനുവേണ്ടിയുള്ള ദൈവികപദ്ധതിയെ ശ്രദ്ധിക്കൽ**

2. വിശുദ്ധ പൗലോസ് ഫിലമോന് എഴുതിയ കത്തിൽ നിന്നാണ് ഈ വർഷത്തെ സന്ദേശത്തിനു ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന പ്രമേയം. മുമ്പ് ഫിലെമോന്റെ അടിമയും ഇപ്പോൾ ക്രൈസ്തവനുമായിരിക്കുന്ന ഒനേസിമൂസിനെ സഹപ്രവർത്തകനാക്കാൻ വിശുദ്ധ പൗലോസ് ആവശ്യപ്പെടുന്നു. ഫിലെമോൻ ഇപ്പോൾ ക്രൈസ്തവനായിരിക്കയാൽ അയാൾ സഹോദരനായി കരുതപ്പെടണമെന്നാണ് വിശുദ്ധ പൗലോസിന്റെ അഭിപ്രായം. വിജാതീയരുടെ അപ്പസ്തോലൻ ഇങ്ങനെ എഴുതുന്നു: "അല്പകാലത്തേക്ക് അവൻ നിന്നിൽ നിന്നു വേർപിരിഞ്ഞത് ഒരുപക്ഷേ, നിത്യമായി അവനെ നിനക്കു തിരിച്ചു കിട്ടുന്നതിനായിരിക്കാം. ഇനി ഒരു ദാസനായിട്ടല്ല അതിലുപരി ലൗകികമായും

കർത്താവിലും എനിക്കും അതിലേറെ നിനക്കും പ്രിയപ്പെട്ട ഒരു സഹോദരനായി അവനെ ലഭിച്ചിരിക്കുന്നു (വാക്യങ്ങൾ 15-16). ഒനേസിമൂസ് ഒരു ക്രൈസ്തവനായി ത്തീർന്നപ്പോൾ ഫിലെമോന്റെ സഹോദരനായി. ക്രിസ്തുവിലേക്കുള്ള മാനസാന്തരം, ക്രിസ്തു ശിഷ്യത്വത്തിന്റെ ജീവിതത്തിന്റെ ആരംഭം അങ്ങനെ പുതിയ ജന്മമായി ത്തീരുന്നു (cf 2 കോറി 5:17; 1 പത്രോ 1:3). അത് കുടുംബ ജീവിത ത്തിന്റെ ബന്ധവും സമൂഹജീവിതത്തിന്റെ അടിസ്ഥാനവുമെന്ന നിലയിലുള്ള സാഹോദര്യത്തെ ജനിപ്പിക്കുന്നു.

ഉത്പത്തിപ്പുസ്തകത്തിൽ (cf1:27-28) നാം വായിക്കുന്നുണ്ട് ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചുവെന്നും വർധിച്ചു പെരുകാൻ അവരെ ആശീർവദിച്ചുവെന്നും. അവിടന്ന് ആദത്തെയും ഹവ്വായെയും മാതാപിതാക്കളാക്കി. ഫലപുഷ്ടരായി വർധിച്ചു പെരുകാനുള്ള ദൈവകല്പനയോടു പ്രത്യുത്തരിച്ച് ആദ്യത്തെ സാഹോദര്യത്തെ, കായേന്റെയും ആബേലിന്റെയും സാഹോദര്യത്തെ ഉത്പാദിപ്പിച്ചു. കായേനും ആബേലും സഹോദരന്മാരായിരുന്നു. കാരണം, അവർ ഒരേ ഗർഭപാത്രത്തിൽ നിന്നു പുറപ്പെട്ടവരായിരുന്നു. തന്മൂലം അവർ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടി ക്കപ്പെട്ട അവരുടെ മാതാപിതാക്കളെപ്പോലെ ഒരേ ഉത്പത്തിയും പ്രകൃതിയും മഹത്ത്വവുമുള്ളവരായിരുന്നു.

അവർ ജന്മം വഴി കൂട്ടിച്ചേർക്കപ്പെട്ടവരും ഒരേ പ്രകൃതിയും മഹത്ത്വവുമുള്ളവരുമാണെങ്കിലും സാഹോദര്യത്തിൽ സഹോദരീ സഹോദരന്മാർ തമ്മിൽ വൈവിധ്യവും വ്യത്യാസങ്ങളുമുണ്ട്. അതു കൊണ്ട്, ഒരേ ഉല്പത്തിയും, പ്രകൃതിയും മഹത്വവും പങ്കിടുമ്പോഴും വ്യത്യസ്തരായിരിക്കുന്നവരോടും സഹോദരീസഹോദരന്മാരെന്ന നില യിൽ എല്ലാവരും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. ഇങ്ങനെ സാഹോദര്യം ബന്ധങ്ങളുടെ നെറ്റുവർക്കു സൃഷ്ടിക്കുന്നു. ദൈവം സൃഷ്ടിച്ച മാനുഷികകുടുംബത്തെ നിർമ്മിക്കാൻ അത് അത്യാവശ്യമാണ്.

നിർഭാഗ്യവശാൽ ഉത്പത്തിഗ്രന്ഥത്തിൽ വിവരിക്കുന്ന പ്രഥമ സൃഷ്ടിക്കും "അനേകം സഹോദരങ്ങളിൽ പ്രഥമജാതന്റെ" (റോമ 8:29) സഹോദരീസഹോദരന്മാരായിത്തീരുന്ന ക്രിസ്തുവിലുള്ള പുതിയ ജനനത്തിനും ഇടയ്ക്ക് പാപമെന്ന നിഷേധാത്മക യാഥാർത്ഥ്യമുണ്ട്.



അതു പലപ്പോഴും മാനുഷിക സാഹോദര്യത്തെ തകർക്കുന്നു. ഒരേ കുടുംബത്തിലെ സഹോദരീസഹോദരന്മാരായിരിക്കുന്നതിന്റെ സൗന്ദ ര്യത്തെയും ശ്രേഷ്ഠതയെയും നിരന്തരം വികലമാക്കുന്നു. കായേൻ ആബേലിനെ വെറുത്തുവെന്നു മാത്രമല്ല അവൻ ആബേലിനെ കൊല്ലു കയും ചെയ്തു. അസൂയമൂലമാണ് വധിച്ചത്. അങ്ങനെ ആദ്യത്തെ ഭ്രാതൃഹത്യ നടന്നു. കായേൻ ആബേലിനെ കൊന്നു. അത് സഹോദര ന്മാരായിരിക്കാനുള്ള അവരുടെ വിളിയുടെ മൗലികമായ നിരാസമാണ്. അവരുടെ കഥ (cf ഉത്പ 4:1-16) എല്ലാ സ്ത്രീപുരുഷന്മാരും ഏറ്റെടുക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന പ്രയാസമുള്ള ഒരു ദൗത്യത്തെ ഓർമ്മിപ്പിക്കുന്നു: ഓരോ വ്യക്തിയും ഇതരവ്യക്തിയെ പരിചരിച്ചു കൊണ്ട് ഒന്നിച്ചു ജീവിക്കാനുള്ള ദൗത്യമാണത്.[2]

നോഹിന്റെയും അയാളുടെ മക്കളുടെയും കഥ ഇതുതന്നെയാണ് (cf ഉത്പ 9:18-27). ഹാം തന്റെ പിതാവായ നോഹയെ ആദരിച്ചില്ല. അത് ധിക്കാരിയായ ആ പുത്രനെ ശപിക്കാനും അയാളെ ബഹുമാനിച്ച മറ്റുമക്കളെ ആശീർവദിക്കാനും ഇടയാക്കി. ഒരേ ഉദരത്തിൽ നിന്നു ജനിച്ച സഹോദരങ്ങൾ തമ്മിൽ അസമത്വം സൃഷ്ടിച്ചു.

മനുഷ്യവംശത്തിന്റെ ഉത്പത്തിയുടെ വിവരണത്തിൽ ദൈവ ത്തിൽ നിന്നും പിതാവിൽ നിന്നും സഹോദരന്മാരിൽ നിന്നുമുള്ള അകൽച്ച കൂട്ടായ്മയുടെ നിരാസത്തിന്റെ പ്രകടനമായിത്തീരുന്നു. അത് അടിമത്തത്തിന്റെ സംസ്കാരത്തിനു ജന്മം നല്കുന്നു (cf ഉത്പ 9:25-27). തലമുറകളിൽ വ്യാപിക്കുന്ന അതിന്റെ അനന്തരഫലങ്ങൾക്കും ജന്മം നല്കുന്നു: മറ്റുള്ളവരെ തള്ളിക്കളയൽ, അവരെ ദ്രോഹിക്കൽ, അവ രുടെ മഹത്ത്വത്തെയും മൗലികാവകാശങ്ങളെയും ലംഘിക്കൽ, സ്ഥാപനപരമായ അസമത്വം തുടങ്ങിയവയ്ക്ക്. അതുകൊണ്ട് യേശുക്രിസ്തു കുരിശിൽ പൂർത്തീകരിച്ച ഉടമ്പടിയിലേക്കുള്ള നിരന്തര മാനസാന്തരം ആവശ്യമാണ്. "പാപം വർധിച്ചിടത്ത് യേശുക്രിസ്തു വിലൂടെ കൃപ സമൃദ്ധമായി" (റോമാ 5:20-21) എന്ന ആത്മധൈര്യ ത്തോടെ അപ്രകാരം ചെയ്യണം. പിതാവിന് മനുഷ്യവംശത്തോടുള്ള സ്നേഹം വെളിപ്പെടുത്താൻ പ്രിയപുത്രനായ (cf മത്താ 3:17) യേശു വന്നു. സുവിശേഷം ശ്രവിക്കുകയും മാനസാന്തരത്തിനുള്ള വിളിയോടു പ്രത്യുത്തരിക്കുകയും ചെയ്യുന്നവർ യേശുവിന്റെ "സഹോദരനും സഹോദരിയും അമ്മയും" (മത്താ 12:50) ആയിത്തീരും. അങ്ങനെ അവിടത്തെ പിതാവിന്റെ ദത്തുസന്താനമായിത്തീരും (cf എഫേ 1:5).

വ്യക്തിപരമായ സ്വാതന്ത്ര്യം വിനിയോഗിക്കാതെ ആധികാരിക ദൈവകല്പനയുടെ ഫലമായി ആരും ഒരു ക്രൈസ്തവനാകുന്നില്ല. പിതാവിന്റെ ശിശുവോ ക്രിസ്തുവിൽ സഹോദരനോ സഹോദരിയോ ആകുന്നില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്തുവിലേക്ക് സ്വമനസ്സാ മാനസാന്തരപ്പെടാതെ അങ്ങനെ ആകുകയില്ല. ദൈവത്തിന്റെ ശിശു ആയിത്തീരുകയെന്നത് മാനസാന്തരത്തോട് അവശ്യാവശ്യകമായി ബന്ധപ്പെട്ടിരിക്കുന്നു: "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കും ലഭിക്കും" (അപ്പ 2:38). പത്രോസിന്റെ പ്രഭാഷണത്തോട് വിശ്വാസത്തിൽ ജീവിതം കൊണ്ട് പ്രത്യുത്തരിച്ചവരെല്ലാവരും ആദിമ ക്രൈസ്തവ സമൂഹത്തിലെ സാഹോദര്യത്തിലേക്കു പ്രവേശിച്ചു (cf 1 പത്രോ 2:17; അപ്പ 1:15-16, 6:3; 15:23); യഹൂദരും ഗ്രീക്കുകാരും അടിമകളും സ്വതന്ത്രരും പ്രവേശിച്ചു (cf 1 കോറി 12:13; ഗലാ 3:28). ഉത്പത്തിയിലോ സാമൂഹിക പദവിയിലോ ഉള്ള വ്യത്യാസം ഒരു വ്യക്തിയുടെയും മഹത്ത്വം കുറച്ചില്ല. ദൈവജനമായിരിക്കുന്നതിൽ നിന്ന് ആരെയും ഒഴിവാക്കിയില്ല. അങ്ങനെ ക്രൈസ്തവസമൂഹം കൂട്ടായ്മയുടെ സ്ഥാനമാണ്; സഹോദരീ സഹോദരന്മാർ തമ്മിൽ പങ്കുവയ്ക്കുന്ന സ്നേഹത്തിൽ ജീവിക്കുന്ന കൂട്ടായ്മയാണ് (cf റോമ 12:10; 1 തെസ 4:9; ഹെബ്രാ 13:1; 1 പത്രോ 1:22; 2 പത്രോ 1:7).

ദൈവം "എല്ലാം യേശുക്രിസ്തുവിൽ നവീകരിക്കുന്നു" (വെളി 21:5). യേശുക്രിസ്തുവിന്റെ സദ്വാർത്ത[3] അടിമകളും ഉടമസ്ഥരും തമ്മിലുള്ള ബന്ധം ഉൾപ്പെടെയുള്ള എല്ലാ മാനുഷിക ബന്ധങ്ങളെയും വീണ്ടെടുക്കുവാനും പര്യാപ്തമാണെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. രണ്ടു കൂട്ടർക്കും പൊതുവായിട്ടുള്ളത് വെളിവാക്കിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ദത്തെടുത്ത പുത്രത്വവും ക്രിസ്തുവിലുള്ള സാഹോദര്യത്തിന്റെ ബന്ധവുമാണ് പൊതുവായിട്ടുള്ളത്. യേശുതന്നെ തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു: "ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15).



**അടിമത്തത്തിന്റെ അനേകമുഖങ്ങൾ -ഇന്നലെയും ഇന്നും**

3. സ്മരണാതീതമായ കാലം മുതൽ മനുഷ്യൻ മനുഷ്യനെ അടിമയാക്കുകയെന്ന പ്രതിഭാസം സമൂഹങ്ങൾ അറിഞ്ഞിട്ടുണ്ട്. അടിമത്തവ്യവസ്ഥിതിയെ പൊതുവേ അംഗീകരിക്കുകയും നിയമത്താൽ നിയന്ത്രിക്കുകയും ചെയ്തിരുന്ന കാലഘട്ടങ്ങൾ മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ആരാണ് സ്വതന്ത്രനായി ജനിച്ചവനെന്നും ആരാണ് അടിമത്തത്തിലേക്കു ജനിച്ചതെന്നും ഈ നിയമനിർമ്മാണം നിശ്ചയിച്ചിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ചിലർ മറ്റുള്ളവരുടെ വസ്തു ആയിരിക്കാൻ പറ്റുന്നവരാണെന്നും അല്ലെങ്കിൽ അങ്ങനെ കരുതപ്പെടണമെന്നും നിയമവ്യവസ്ഥതന്നെ സമ്മതിച്ചിരുന്നു. അവരുടെ സ്വതന്ത്രമനോഭാവംകൊണ്ടു തന്നെ അങ്ങനെയാണെന്ന് സമ്മതിച്ചിരുന്നു. ഒരടിമയെ ഒരു വിപണന വസ്തുപോലെ വാങ്ങിക്കുകയോ വില്ക്കുകയോ ചെയ്യാം, തള്ളിക്കളയുകയോ സ്വീകരിക്കുകയോ ചെയ്യാം.

ഇന്ന് നമ്മുടെ ബോധം വളർന്നതിന്റെ ഫലമായി അടിമത്തത്തെ മനുഷ്യത്വത്തിനെതിരായ കുറ്റമായി കാണുന്നു.[4] അത് ഔദ്യോഗികമായി ലോകത്തെങ്ങും നിരോധിച്ചു. ഇന്ന് അടിമയാകാതിരിക്കാനുള്ള അവകാശം അലംഘനീയമായി അന്താരാഷ്ട്രനിയമത്തിൽ അംഗീകരിച്ചിട്ടുണ്ട്.

എന്നാലും അടിമത്തത്തിന്റെ സകലരൂപങ്ങളും അവസാനിപ്പിക്കാൻ അന്താരാഷ്ട്രസമൂഹം അസംഖ്യം ഉടമ്പടികൾ ചെയ്തിട്ടുണ്ടെങ്കിലും, ഈ പ്രതിഭാസത്തെ എതിർക്കാൻ വിവിധ രീതികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇന്ന് ദശലക്ഷക്കണക്കിനു ആളുകൾ - സ്ത്രീകളും കുട്ടികളും എല്ലാ പ്രായത്തിൽപ്പെട്ടവരും - സ്വാതന്ത്ര്യ മില്ലാത്തവരായിരിക്കുന്നു. അടിമത്തംപോലുള്ള അവസ്ഥയിൽ ജീവിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു.

ഗൃഹജോലി, കൃഷി, നിർമ്മാണ വ്യവസായം, ഖനനം തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ അടിച്ചമർത്തപ്പെടുന്ന, പ്രായപൂർത്തിയാകാത്തവരുൾപ്പെടെയുള്ള തൊഴിലാളികളായ അനേകം സ്ത്രീ പുരുഷന്മാരെ ഞാൻ ഓർമ്മിക്കുന്നു. അവരിൽ അന്താരാഷ്ട്ര നിയമങ്ങളും മിനിമം നിലവാരവുമായി ഒത്തുപോകാത്ത തൊഴിൽ നിയമങ്ങൾ നിലനിൽക്കുന്ന രാജ്യങ്ങളിൽ നിന്നുള്ളവരും അതുപോലെതന്നെ നിയമ

വിരുദ്ധമായി, തൊഴിലാളികളുടെ അവകാശങ്ങൾക്ക് നിയമ പരിരക്ഷ നൽകാത്ത രാജ്യങ്ങളിൽ നിന്നുള്ളവരുമുണ്ട്.

അനേകം കുടിയേറ്റക്കാരുടെ ജീവിതാവസ്ഥകളെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. അവർ അലച്ചിലിന്റെയും കഠോരയാതനകളുടെയും നാടകീയമായ അനുഭവമുള്ളവരാണ്. അവർ വിശപ്പ് അനുഭവിക്കുന്നു. അവർക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. അവരുടെ വസ്തുവകകൾ പിടിച്ചുപറിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ശാരീരികമോ ലൈംഗികമോ ആയ ദുരുപയോഗത്തിനു വിധേയരാക്കപ്പെടുന്നു. അവരിൽ ചിലരെക്കുറിച്ച് ഞാൻ പ്രത്യേകമായി ഓർമ്മിക്കുന്നു. ഭയവും അരക്ഷിതത്വവുമുള്ള കഠിനയാത്രയ്ക്ക്ശേഷം അവർ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ചിലപ്പോൾ അവർ മനുഷ്യത്വരഹിതമായ അവസ്ഥകളിൽ പിടിച്ചു നിറുത്തപ്പെടുന്നു. വ്യത്യസ്തമായ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക കാരണങ്ങളാൽ നിഗൂഢവാസം നടത്താൻ നിർബന്ധിക്കപ്പെടുന്നവരെയും ഞാൻ ഓർമ്മിക്കുന്നു. നിയമാനുസൃതരായിരിക്കാൻ വേണ്ടി അപമാനകരമായ ജീവിതാവസ്ഥയും തൊഴിലവസ്ഥയും അംഗീകരിക്കേണ്ടിവരുന്നവരെപ്പറ്റി, പ്രത്യേകിച്ച് കുടിയേറ്റക്കാരായ തൊഴിലാളികൾ അവരുടെ തൊഴിൽദായകരെ സാമ്പ്രദായികമായി ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കുകയോ അനുവദിക്കുകയോ ചെയ്യുന്ന നിയമങ്ങളുള്ള രാഷ്ട്രങ്ങളിലുള്ളവരെപ്പറ്റി ചിന്തിക്കുന്നു. ഉദാഹരണമായി, അവരുടെ വാസസ്ഥലത്തിന്റെ നൈയാമികത തൊഴിൽ ഉടമ്പടിയെ ആശ്രയിച്ചിരിക്കുമ്പോൾ ഇങ്ങനെ സംഭവിക്കുന്നു. അതേ, "അടിമത്തൊഴിലിനെക്കുറിച്ച്" ഞാൻ ചിന്തിക്കുന്നു.

വേശ്യാവൃത്തിക്കായി നിർബന്ധിക്കപ്പെടുന്ന വ്യക്തികളെപ്പറ്റിയും ഞാൻ ചിന്തിക്കുന്നു. അവരിൽ അനേകർ പ്രായപൂർത്തിയാകാത്തവരാണ്. ആണുങ്ങളും പെണ്ണുങ്ങളുമായ ലൈംഗിക അടിമകളുമുണ്ട്. വിവാഹത്തിനു നിർബന്ധിക്കപ്പെടുന്ന സ്ത്രീകളെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ചിലർ ഏർപ്പാടു ചെയ്യപ്പെട്ട വിവാഹത്തിനായി വില്ക്കപ്പെടുന്നു. സമ്മതിക്കാനോ സമ്മതിക്കാതിരിക്കാനോ ഉള്ള അവരുടെ അവകാശം പരിഗണിക്കാതെ മരിച്ചുപോയ ഭർത്താക്കന്മാരുടെ ബന്ധുക്കൾക്ക് അവർ വിട്ടുകൊടുക്കപ്പെടുന്നു.

മനുഷ്യക്കടത്തിന് ഇരകളായവരെ - പ്രായപൂർത്തിയാകാത്തവരും മുതിർന്നവരുമായ വ്യക്തികളെ - സംബന്ധിച്ച് ചിന്തിക്കാതിരിക്കാൻ കഴിയുകയില്ല. അവർ കടത്തപ്പെടുന്നത് അവയവക്കച്ചവടത്തിനു വേണ്ടിയും പട്ടാളക്കാരും യാചകരും ആക്കാൻവേണ്ടിയും മയക്കുമരുന്നുകളുടെ ഉത്പാദനം, വില്പന എന്നിങ്ങനെയുള്ള നിയമവിരുദ്ധ പ്രവൃത്തികൾക്കുവേണ്ടിയും ആയിരിക്കും. അല്ലെങ്കിൽ അതിർത്തിക്കു പുറത്തു നിന്നുള്ള ദത്തെടുക്കലിന്റെ വഞ്ചന നിറഞ്ഞ രൂപങ്ങൾക്കു വേണ്ടിയായിരിക്കും.



അവസാനമായി ഭീകരവാദസംഘടനകൾ തട്ടിയെടുത്ത് അടിമകളാക്കിയിട്ടുള്ളവരെക്കുറിച്ചു ഞാൻ ചിന്തിക്കുന്നു. അവരെ ഭീകരാക്രമണങ്ങൾക്ക് ഉപയോഗിക്കുന്നു. പെൺകുട്ടികളെയും സ്ത്രീകളെയും ലൈംഗിക അടിമകളാക്കുന്നു. അവരിൽ അനേകർ അപ്രത്യക്ഷരാകുന്നു. പലരും പല പ്രാവശ്യം വില്ക്കപ്പെടുന്നു. പീഡിപ്പിക്കപ്പെടുന്നു. അംഗവിച്ഛേദം ചെയ്യപ്പെടുന്നു. അല്ലെങ്കിൽ വധിക്കപ്പെടുന്നു.

**അടിമത്തത്തിന്റെ കൂടുതൽ ആഴത്തിലുള്ള കാരണങ്ങൾ**

4. എല്ലാക്കാലത്തുമെന്നതുപോലെ ഇന്നും അടിമത്തം വേരൂന്നിയിരിക്കുന്നത് മനുഷ്യവ്യക്തിയെ ഒരു വസ്തുവായി ഉപയോഗിക്കാൻ അനുവദിക്കുന്ന ആശയത്തിലാണ്. പാപം മനുഷ്യഹൃദയത്തെ ദുഷിപ്പിക്കുകയും നമ്മുടെ സ്രഷ്ടാവിൽ നിന്നും അയൽക്കാരിൽ നിന്നും നമ്മെ അകറ്റുകയും ചെയ്യുമ്പോൾ അയൽക്കാരെ തുല്യ മഹത്ത്വമുള്ള, പൊതു മാനുഷികതയിൽ പങ്കുപറ്റുന്ന സഹോദരീസഹോദരന്മാരായി കരുതാൻ കഴിയുന്നില്ല. അവരെ വെറും വസ്തുക്കളായി കരുതുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ നിർബന്ധംകൊണ്ടോ വഞ്ചനകൊണ്ടോ ശാരീരികമോ മാനസികമോ ആയ ബലപ്രയോഗം കൊണ്ടോ സ്വാതന്ത്ര്യമില്ലാത്തവരാകുന്നു. മറ്റുള്ളവരെ വസ്തുക്കളാക്കി മാറ്റുന്നു. അവരെ ലക്ഷ്യം പ്രാപിക്കാനുള്ള മാർഗങ്ങളായി ഉപയോഗിക്കുന്നു.

മറ്റൊരു വ്യക്തിയുടെ മനുഷ്യത്വത്തെ നിരസിക്കുന്നുവെന്ന കൂടുതൽ ആഴമുള്ള കാരണത്തിനു പുറമേ ഇന്നത്തെ അടിമത്തത്തിന്റെ രൂപങ്ങളെ വിശദീകരിക്കാൻ വേറെ കാരണങ്ങളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടത് ദാരിദ്ര്യം, അവികസിതത്വം, പാർശ്വവൽക്കരണം എന്നിവയാണെന്നു ഞാൻ കരുതുന്നു. പ്രത്യേകിച്ച് ഇവയോടൊപ്പം വിദ്യാഭ്യാസ സാധ്യതയുടെ അഭാവം, തൊഴിൽ സാധ്യതയുടെ ദൗർലഭ്യം അല്ലെങ്കിൽ അലഭ്യത എന്നിവയുമുണ്ട്. മിക്കപ്പോഴും കടുത്ത ദാരിദ്ര്യ

ത്തിന്റെ സാഹചര്യത്തിൽനിന്നു രക്ഷപെടാൻ പരിശ്രമിക്കുന്നവരാണ് മനുഷ്യക്കടത്തിനും അടിമത്തത്തിനും ഇരകളാകുന്നത്. അവർ തൊഴിൽ നല്കാമെന്ന കള്ള വാഗ്ദാനങ്ങളാൽ പ്രലോഭിതരാണ്. അവർ മനുഷ്യ ക്കടത്തു നടത്തുന്ന കുറ്റവാളികളുടെ സംഘങ്ങളുടെ കൈകളിൽ ചെന്നുപെടുന്നു. വിവരദാനത്തിന്റെ ആധുനിക മാർഗങ്ങൾ ഉപയോഗി ക്കാൻ സമർത്ഥരാണ് ഈ സംഘങ്ങൾ. അവ ഉപയോഗിച്ച് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ യുവതീയുവാക്കളെ അവർ ആകർഷിക്കുന്നു.

അടിമത്തത്തിന്റെ മറ്റൊരു കാരണം അഴിമതിയാണ്. സാമ്പത്തിക ലാഭത്തിനുവേണ്ടി എന്തും ചെയ്യാൻ ഇഷ്ടപ്പെടുന്നവരിൽ നിന്നാണ് അത് ഉണ്ടാകുന്നത്. അടിമത്തൊഴിലും മനുഷ്യക്കടത്തും മിക്കപ്പോഴും ഇടനിലക്കാരുടെ കുറ്റകരമായ സഹകരണം ആവശ്യപ്പെടുന്നവയാണ്. ആ ഇടനിലക്കാർ നിയമം നടപ്പിൽവരുത്തേണ്ടവരോ രാഷ്ട്രത്തിന്റെ ഉദ്യോഗസ്ഥരോ സിവിൽ സ്ഥാപനങ്ങളോ മിലിട്ടറി സ്ഥാപനങ്ങളോ ആയിരിക്കാം. "ഒരു സാമ്പത്തിക വ്യവസ്ഥിതിയിൽ മനുഷ്യൻ കേന്ദ്രമായിരിക്കാതെ പണം കേന്ദ്രമായിരിക്കുമ്പോൾ ഇതു സംഭവിക്കുന്നു. ദൈവഛായയിൽ സൃഷ്ടിക്കപ്പെടുകയും സർവസൃഷ്ടിയുടെയും മേൽ ആധിപത്യം ഉറപ്പിക്കാൻ കല്പിക്കപ്പെടുകയും ചെയ്ത മനുഷ്യവ്യക്തി ആയിരിക്കണം സാമൂഹികമോ സാമ്പത്തികമോ ആയ ഓരോ വ്യവസ്ഥിതിയുടെയും കേന്ദ്രം. വ്യക്തിക്കു പകരം ധനദേവതയെ പ്രതിഷ്ഠിക്കുമ്പോൾ മൂല്യങ്ങളുടെ വിധ്വംസനമുണ്ടാകുന്നു".[5]

വേറെ ചില കാരണങ്ങളും അടിമത്തത്തിനുണ്ട്. സായുധ സംഘട്ടനം, അക്രമം, കുറ്റകരമായ പ്രവർത്തനം, ഭീകരപ്രവർത്തനം എന്നിവ ആ കാരണങ്ങളിൽ ഉൾപ്പെടുന്നു. വില്ക്കപ്പെടാനോ പോരാളികളാക്കപ്പെടാനോ ലൈംഗികമായി ചൂഷണം ചെയ്യപ്പെടാനോവേണ്ടി അനേകർ തട്ടിയെടുക്കപ്പെടുന്നുണ്ട്. വേറെ ചിലർ കുടിയേറാൻ നിർബന്ധിക്കപ്പെടുന്നു. അവർ രാജ്യം, ഭവനം, വസ്തുവകകൾ, കുടുംബാംഗങ്ങൾ തുടങ്ങി എല്ലാം ഉപേക്ഷിക്കേണ്ടിവരുന്നു. ഭയാനകമായ ഈ അവസ്ഥകൾക്ക് പകരമായുള്ള സാദ്ധ്യതകളെ അന്വേഷിക്കുന്ന ത്വരയിൽ വ്യക്തിമഹത്ത്വവും ജീവൻ തന്നെയും അപകടപ്പെടുത്തുന്നു. അവർ ഒരു വിഷമവൃത്തത്തിലാക്കപ്പെടുകയാണ്. അത് അവരെ ദുരിതത്തിനും അഴിമതിക്കും അവയുടെ ദുരന്തഫലങ്ങൾക്കും ഇരകളാക്കുന്നു.



**അടിമത്തം അവസാനിപ്പിക്കാനുള്ള പങ്കുവയ്ക്കപ്പെട്ട സമർപ്പണം**

5. മനുഷ്യക്കടത്ത്, കുടിയേറ്റക്കാരെ നിയമവിരുദ്ധമായി കടത്തൽ, അടിമത്തത്തിന്റെ അംഗീകൃതവും അനംഗീകൃതവുമായ മറ്റു രൂപങ്ങൾ എന്നിവയെപ്പറ്റി ചിന്തിക്കുമ്പോൾ പൊതുവായ നിസ്സംഗതയുടെ സാഹചര്യത്തിലാണ് അതെല്ലാം നടക്കുന്നതെന്ന് നമുക്കു തോന്നും. ദുഃഖകരമാണിത്. മിക്കപ്പോഴും ശരിയുമാണ്. എന്നാലും ഇരകളായിട്ടുള്ളവർക്ക് പിന്തുണ നല്കാൻ സന്ന്യാസസഭകൾ, പ്രത്യേകിച്ച് സ്ത്രീകളുടെ കോൺഗ്രിഗേഷനുകൾ, അനേകവർഷങ്ങളായി ചെയ്യുന്ന ബഹുലവും നിശ്ശബ്ദവുമായ പരിശ്രമങ്ങളെ ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ അക്രമം ആധിപത്യം പുലർത്തുന്ന പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിലാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾ അധ്വാനിക്കുന്നത്. ഇരകളെ മനുഷ്യക്കച്ചവടക്കാരോടും ചൂഷകരോടും ബന്ധിപ്പിക്കുന്ന അദൃശ്യമായ ചങ്ങലകളെ ഭേദിക്കാൻ അവർ പരിശ്രമിക്കുന്നു. ഈ ചങ്ങലകൾ അനേകം കണ്ണികളാൽ നിർമ്മിക്കപ്പെട്ടവയാണ്. ഓരോ കണ്ണിയും സമർത്ഥമായ മാനസിക പ്രവർത്തനങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. അത് ഇരകളെ ചൂഷകരുടെ ആശ്രിതരാക്കുന്നു. അവരെയും അവർ സ്നേഹിക്കുന്നവരെയും ബ്ലാക്ക്മെയിൽ ചെയ്തും ഭീഷണിപ്പെടുത്തിയുമാണ് ഇത് സാധ്യമാക്കുന്നത്. നിർവഹിക്കുന്നു. ചിലപ്പോൾ അവരുടെ ഐഡന്റിറ്റിരേഖകൾ പിടിച്ചെടുത്തും ചിലപ്പോൾ ശാരീരികപീഡനങ്ങൾ ഏല്പിച്ചും ഇത് സാധ്യമാക്കുന്നു. സന്ന്യസ്തരുടെ പ്രവർത്തനം മൂന്നു പ്രധാനപ്പെട്ട മേഖലകളിലാണു നടക്കുന്നത്: ഇരകൾക്ക് സഹായം കൊടുക്കുന്നു. അവരുടെ മാനസികവും വിദ്യാഭ്യാസപരവുമായ പുനരധിവാസത്തിനു വേണ്ടി പരിശ്രമിക്കുന്നു. അവർ ജീവിക്കുന്നിടത്തുള്ള സമൂഹത്തിലേക്ക് അല്ലെങ്കിൽ അവർ വിട്ടുപോന്ന സമൂഹത്തിലേക്ക് അവരെ വീണ്ടും കൂട്ടിച്ചേർക്കാൻ പരിശ്രമിക്കുന്നു.

ധീരതയും ക്ഷമാശീലവും സ്ഥിരോത്സാഹവും ആവശ്യമായിരിക്കുന്ന ഈ മഹായത്നത്തെ മുഴുവൻ സഭയും സമൂഹവും ആദരിക്കേണ്ടതാണ്. എന്നാലും മനുഷ്യവ്യക്തിയെ ചൂഷണം ചെയ്യുകയെന്ന കടുത്ത യാതന അവസാനിപ്പിച്ചാൽ മാത്രം പോരാ. സ്ഥാപനപരമായ തലത്തിൽ മൂന്നു തരത്തിലുള്ള സമർപ്പണം കൂടി ആവശ്യമാണ്: നിരോധനം, ഇരകളുടെ സംരക്ഷണം, ദ്രോഹികൾക്കെതിരേ നിയമനടപടി. കൂടാതെ കുറ്റവാളികളുടെ സംഘങ്ങൾ ലക്ഷ്യങ്ങൾ നേടാൻ ആഗോള

നെറ്റുവർക്കുകൾ ഉപയോഗിക്കുന്ന പ്രതിഭാസത്തെ ഇല്ലാതാക്കാനുള്ള പരിശ്രമവും ആവശ്യമാണ്. അത് പൊതുവായ ആഗോള വ്യാപകമായ പരിശ്രമം ആവശ്യപ്പെടുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിലും അത് ഉണ്ടാകണം.

സ്റ്റേറ്റുകൾ തങ്ങളുടെ നിയമനിർമ്മാണം മനുഷ്യവ്യക്തിയുടെ മഹത്ത്വത്തെ യഥാർത്ഥത്തിൽ ആദരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കുടിയേറ്റം, തൊഴിൽദാനം, ദത്തെടുക്കൽ, അന്യനാടുകളിലേക്കു ബിസിനസ്സിന്റെ മാറ്റം, അടിമത്തൊഴിൽകൊണ്ടു നിർമ്മിക്കപ്പെടുന്ന വസ്തുക്കളുടെ വില്പന എന്നിവയുടെ മേഖലകളിൽ അക്കാര്യം ഉറപ്പാക്കണം. നീതിനിഷ്ഠമായ നിയമങ്ങൾ ഉണ്ടാവുക ആവശ്യമാണ്. അവ മനുഷ്യവ്യക്തിയെ കേന്ദ്രീകരിച്ചുള്ളവയാകണം. മൗലികാവകാശങ്ങളെ ഉയർത്തിപ്പിടിക്കണം. അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അവ പുനഃസ്ഥാപിച്ചുകൊടുക്കണം. അത്തരം നിയമങ്ങൾ ഇരകളുടെ പുനരധിവാസത്തിനുള്ള വ്യവസ്ഥകളുണ്ടാക്കണം. അവരുടെ വ്യക്തിപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തണം. നിയമം നടപ്പിലാക്കാൻ കാര്യക്ഷമമായ മാർഗങ്ങളുണ്ടാകണം. അഴിമതിക്കോ ശിക്ഷാഭയത്തിനോ ഇടനല്കാത്ത മാർഗങ്ങളുണ്ടാകണം. സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനവും അംഗീകരിക്കപ്പെടണം. സംസ്കാരത്തിന്റെയും സാമൂഹിക സമ്പർക്കമാധ്യമങ്ങളുടെയും മേഖലകളിലെ മുൻകൈയെടുക്കലുകളിലൂടെയും അതു സംഭവിക്കണം.

അന്താരാഷ്ട്ര സംഘടനകൾ ഐക്യദാർഢ്യമെന്ന തത്ത്വം സൂക്ഷിക്കണം. മനുഷ്യക്കടത്ത്, നിയമവിരുദ്ധ കുടിയേറ്റം എന്നിവ നടത്തുന്ന സംഘടിത കുറ്റകൃത്യത്തിലുള്ള കൊടുക്കൽ വാങ്ങൽ നെറ്റുവർക്കുകൾക്കെതിരേ പോരാടാൻവേണ്ടി നിലകൊള്ളുന്ന സംരംഭങ്ങളെ ഏകോപിപ്പിക്കാൻ അവയ്ക്കു കടമയുണ്ട്. ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങൾ, സിവിൽ സമൂഹത്തിലെ ഏജൻസികൾ, സാമ്പത്തിക ലോകം എന്നിങ്ങനെയുള്ള അനേകം തലങ്ങളിൽ സഹകരണം ആവശ്യമാണെന്നത് വ്യക്തമാണ്.

തൊഴിലാളികൾക്ക് മഹത്ത്വപൂർണമായ തൊഴിൽ സാഹചര്യവും പര്യാപ്തമായ ശമ്പളവും നല്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബിസിനസ്സുകാർക്ക് കടമയുണ്ട്.[6] വിതരണശൃംഖലയിൽ അടിച്ചമർത്തലിന്റെ രൂപങ്ങളോ മനുഷ്യക്കച്ചവടമോ നടക്കാതിരിക്കാൻ അവർ ശ്രദ്ധിക്കുകയും വേണം. ബിസിനസ്സിന് ഒരു സാമൂഹിക ഉത്തരവാദിത്വമുണ്ട്.



അതോടൊപ്പം ഉപഭോക്താക്കൾക്കും ഒരു സാമൂഹിക ഉത്തരവാദിത്വമുണ്ട്. "വാങ്ങിക്കൽ എപ്പോഴും സാമ്പത്തിക പ്രവൃത്തി മാത്രമല്ല, ഒരു ധാർമ്മിക പ്രവൃത്തികൂടിയാണെന്ന" വസ്തുത ഓരോ വ്യക്തിയും ഓർമ്മിക്കണം.[7]

സിവിൽ സമൂഹത്തിലെ സംഘടനകൾക്ക് ഒരു ദൗത്യമുണ്ട്. മനസ്സാക്ഷിയെ ഉണർത്തുകയും അടിമത്തത്തിന്റെ സംസ്കാരത്തെ വേരോടെ പറിച്ചെറിയാനുള്ള പോരാട്ടത്തിന് അത്യാവശ്യമായ നടപടികളെ വളർത്തുകയും ചെയ്യുകയെന്നതാണ് ആ ദൗത്യം.

പരിശുദ്ധ സിംഹാസനം മനുഷ്യക്കച്ചവടത്തിന്റെ ഇരകളുടെ വേദനകളും സ്വാതന്ത്ര്യത്തിലേക്കുള്ള അവരുടെ പാതയിൽ സഹായിക്കുന്ന സന്ന്യാസസമൂഹങ്ങളുടെ ശബ്ദവും ശ്രദ്ധിക്കുന്നു. ഈ കഠിന യാതന അവസാനിപ്പിക്കാൻ വിവിധ ഏജൻസികൾ സഹകരിക്കണമെന്ന് അന്താരാഷ്ട്രസമൂഹത്തോടുള്ള അഭ്യർത്ഥനകൾ അടുത്തകാലത്ത് വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.[8] മനുഷ്യക്കച്ചവടമെന്ന പ്രതിഭാസത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാനും വിവിധ ഏജൻസികൾ തമ്മിലുള്ള സഹകരണം സുഗമമാക്കാനുംവേണ്ടി സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ അന്താരാഷ്ട്രസംഘടനകളിലെയും യൂണിവേഴ്സിറ്റികളിലെയും വിദഗ്ദ്ധർ പങ്കെടുത്തു. കുടിയേറ്റക്കാരുടെ സ്വന്തം നാട്ടിലെയും അവർ കടന്നുപോകുന്നതും ലക്ഷ്യമിടുന്നതുമായ രാജ്യങ്ങളിലെയും പോലീസ് അധികാരികളും, ഇരകളുടെയിടയിൽ ജോലി ചെയ്യുന്ന സഭാത്മകഗ്രൂപ്പുകളും അവയിൽ സംബന്ധിച്ചിട്ടുണ്ട്. ഈ പരിശ്രമം വരുംകാലങ്ങളിൽ വികസിച്ചുകൊണ്ടിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

**അടിമത്തത്തിന്റെയോ നിസ്സംഗതയുടെയോ അല്ല, സാഹോദര്യത്തിന്റെ ആഗോളവത്കരണം**

6. "സമൂഹത്തിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സത്യത്തെക്കുറിച്ചുള്ള പ്രഘോഷണത്തിൽ"[9] സഭ മനുഷ്യവ്യക്തിയെന്ന സത്യത്താൽ പ്രചോദിപ്പിക്കപ്പെട്ട ജീവകാരുണ്യപ്രവർത്തനങ്ങളിൽ നിരന്തരം ഏർപ്പെടുന്നുണ്ട്. മാനസാന്തരത്തിന്റെ മാർഗം എല്ലാവർക്കും കാണിച്ചു കൊടുക്കാനുള്ള കടമ അവൾക്കുണ്ട്. നമ്മുടെ അയൽക്കാരെ നാം കാണുന്ന രീതി മാറ്റാൻ അതു സഹായിക്കുന്നു. മനുഷ്യകുടുംബത്തിലെ സഹോദരനോ സഹോദരിയോ ആയി ഇതര വ്യക്തിയെ

കാണാനും സത്യത്തിലും സ്വാതന്ത്ര്യത്തിലും ആ വ്യക്തിക്കുള്ള ആന്തരിക മഹത്ത്വം അംഗീകരിക്കാനും അതു സഹായിക്കും. വിശുദ്ധ ജോസഫിൻ ബഖിതയുടെ ജീവിതത്തിൽ ഇത് വ്യക്തമായി കാണാൻ കഴിയും. സുഡാനിലെ ദാർഫുർ പ്രദേശത്തു ജനിച്ച വിശുദ്ധയാണവൾ. അവൾക്ക് ഒൻപതു വയസ്സുള്ളപ്പോൾ അടിമക്കച്ചവടക്കാർ അവളെ തട്ടിയെടുക്കുകയും മൃഗീയമായി പെരുമാറുന്ന യജമാനന്മാർക്ക് വില്ക്കുകയും ചെയ്തു. പില്ക്കാലത്ത് വേദനാജനകമായ അനുഭവങ്ങളുടെ ഫലമായി, വിശ്വാസത്തിന്റെ സഹായത്താൽ, അവൾ "ദൈവത്തിന്റെ സ്വാതന്ത്ര്യപുത്രി"യായി. സന്ന്യാസസമർപ്പണത്തിൽ ജീവിച്ചു. 19-ാം നൂറ്റാണ്ടിൽ ജനിച്ച് 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ (1947) ജീവിച്ച ഈ വിശുദ്ധ ഇന്നും അടിമത്തത്തിന്റെ ഇരകൾക്ക് പ്രത്യാശയുടെ മാതൃകാപരമായ സാക്ഷിയാണ്.[10] "ഇന്നത്തെ സമൂഹത്തിന്റെ ശരീരത്തിലെ ഈ വ്രണ"ത്തിനെതിരേ, "ക്രിസ്തുവിന്റെ ശരീരത്തിൽ ഏല്പിക്കപ്പെടുന്ന ഈ ചമ്മട്ടിയടി"[11]ക്കെതിരേ പടപൊരുതാൻ സ്വയം സമർപ്പിച്ചിട്ടുള്ള എല്ലാവരുടെയും പരിശ്രമങ്ങളെ പിന്താങ്ങാൻ അവൾക്കു കഴിയും.

ഇവയുടെയെല്ലാം വെളിച്ചത്തിൽ, സ്വന്തം ധർമ്മവും ഉത്തരവാദിത്വവുമനുസരിച്ച് സാഹോദര്യത്തിന്റെ പ്രവൃത്തികൾ, അടിമത്തത്തിന്റെ അവസ്ഥയിൽ നിലനിർത്തപ്പെട്ടിട്ടുള്ളവർക്കായി, ചെയ്യുവാൻ ഞാൻ ഓരോരുത്തരെയും ക്ഷണിക്കുന്നു. വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും നമുക്കു നമ്മോടു തന്നെ ഇങ്ങനെ ചോദിക്കാം: നമ്മുടെ അനുദിനജീവിതത്തിൽ മനുഷ്യക്കച്ചവടത്തിനുള്ള ഇരയാകാൻ ഇടയുള്ളവരെ കണ്ടുമുട്ടുകയോ അവരുമായി പെരുമാറുകയോ ചെയ്യുമ്പോൾ അല്ലെങ്കിൽ അന്യരെ ചൂഷണം ചെയ്തു നിർമ്മിച്ച വസ്തുക്കൾ തിരഞ്ഞെടുക്കാൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ വെല്ലുവിളി നേരിടുന്നതായി നമുക്കു തോന്നുന്നുണ്ടോ? നമ്മിൽ ചിലർ നിസ്സംഗത കൊണ്ടോ സാമ്പത്തിക കാരണങ്ങൾ കൊണ്ടോ അനുദിനജീവിത ക്ലേശങ്ങൾകൊണ്ടോ ഇതിന്റെ നേരേ കണ്ണടയ്ക്കുന്നു. മറ്റുള്ളവർ ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാൻ തീരുമാനിക്കുന്നു. ഒരു പൗര സംഘടനയിൽ ചേരാൻ നിശ്ചയിക്കുന്നു. അല്ലെങ്കിൽ ചെറിയ ചില അനുദിന അംഗവിക്ഷേപങ്ങൾ കാണിക്കാൻ തീരുമാനിക്കുന്നു- അവ നിസ്സാരങ്ങളല്ല-കാരുണ്യപൂർവം പറയുന്ന ഒരു വാക്ക്, ഒരാശംസ അല്ലെങ്കിൽ ഒരു പുഞ്ചിരി തുടങ്ങി



യവ. നമുക്ക് അതിന് ഒരു ചെലവുമില്ല. പക്ഷേ, നിഗൂഢവാസം ചെയ്യുന്ന ഒരു വ്യക്തിക്ക് പ്രത്യാശ നല്കാൻ അവയ്ക്ക് കഴിയും. കവാടങ്ങൾ തുറക്കാനും ജീവിതപരിവർത്തനം വരുത്താനും കഴിയും. ഈ യാഥാർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ജീവിതത്തെ പരിവർത്തനം ചെയ്യിക്കാനും അവയ്ക്കു കഴിയും.

ഏതെങ്കിലും ഒരു സമൂഹത്തിന്റെയോ രാജ്യത്തിന്റെയോ കഴിവുകളെ അതിലംഘിക്കുന്ന ഒരു ആഗോളപ്രതിഭാസത്തെയാണ് നാം നേരിടുന്നതെന്ന് നാം മനസ്സിലാക്കണം. അതിനെ ഇല്ലായ്മ ചെയ്യാൻ അതിന്റെ വലിപ്പത്തിലുള്ള പരിശ്രമം ആവശ്യമാണ്. ഇക്കാരണത്താൽ, ഇന്നത്തെ അടിമത്തമെന്ന ഭീകര പീഡനത്തിനു സാക്ഷ്യം വഹിക്കുന്ന സന്മനസ്സുള്ള എല്ലാവരോടും-അടുത്തും അകലെയുമുള്ള എല്ലാവരോടും, സിവിൽ സ്ഥാപനങ്ങളിലെ ഏറ്റവും ഉയർന്ന തലങ്ങളിലുള്ളവരോടും - ഞാൻ അടിയന്തിരമായി അഭ്യർത്ഥിക്കുന്നു: ഈ തിന്മയിൽ പങ്കുചേരരുത്. സ്വാതന്ത്ര്യവും മഹത്ത്വവും നഷ്ടപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാരുടെ, നമ്മുടെ സഹജീവികളുടെ ദുരിതങ്ങളെ അവഗണിക്കരുത്. നേരേമറിച്ച് "ഏറ്റവും എളിയവരായ എന്റെ സഹോദരീസഹോദരന്മാർ" (മത്താ 25: 40,45) എന്ന് യേശു വിളിച്ചിട്ടുള്ള അസംഖ്യം വ്യക്തികളുടെ മുഖങ്ങളിൽ വെളിവാക്കിയിട്ടുള്ള ക്രിസ്തുവിന്റെ പീഡ സഹിക്കുന്ന ശരീരത്തെ സ്പർശിക്കാൻ നമുക്കു ശക്തിയുണ്ടാകട്ടെ.[12]

നമ്മൾ ഓരോരുത്തരോടും നീ നിന്റെ സഹോദരനുവേണ്ടി എന്തു ചെയ്തു (ഉല്പ. 4:9-10) എന്ന് ദൈവം ചോദിക്കുന്നുവെന്നു നമുക്ക് അറിയാം. നമ്മുടെ സഹോദരീസഹോദരന്മാരുടെ ജീവിതത്തെ ഭാരപ്പെടുത്തുന്ന നിസ്സംഗതയുടെ ആഗോളവത്ക്കരണം ലോക വ്യാപകമായ പുതിയൊരു ഐക്യദാർഢ്യവും സാഹോദര്യവും സൃഷ്ടിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. അവർക്ക് പുതിയ പ്രത്യാശ പകരാൻ അവയ്ക്കു കഴിയണം. നമ്മുടെ കാലഘട്ടത്തിലെ പ്രശ്നങ്ങളുടെ യിടയിൽ ധീരതയോടെ മുന്നേറാൻ അവരെ സഹായിക്കണം. അവ തുറക്കുന്നതും ദൈവം നമ്മുടെ കൈകളിൽ ഏല്പിച്ചിട്ടുള്ളതുമായ പുതിയ ചക്രവാളങ്ങൾ സൃഷ്ടിക്കണം.

വത്തിക്കാനിൽ നിന്ന് **ഫ്രാൻസിസ് മാർപാപ്പാ**
8 ഡിസംബർ 2014

# 2015 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എല്ലാവർഷവും ജനുവരി 15-ന് കർഷകദിനമായി കേരള സഭ ആചരിക്കുകയാണല്ലോ. ഈ ദിനത്തോട് അനുബന്ധിച്ച് കാർഷികമേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാനാണ് ഈ സർക്കുലർ.

കേരളത്തിലെ കാർഷിക മേഖല ഇന്നു നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിലേയ്ക്ക് നിങ്ങളുടെ സത്വരമായ ശ്രദ്ധ ക്ഷണിക്കാനാണ് ഈ സർക്കുലർ എഴുതുന്നത്. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ, സമാനമായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഇൻഫാം എന്ന കർഷകപ്രസ്ഥാനത്തിന് നാം രൂപം കൊടുത്തത്. അസംഘടിതരും അവകാശങ്ങളെക്കുറിച്ച് അവബോധമില്ലാതിരുന്നവരുമായ കർഷകരെ സംഘടിപ്പിക്കാനും അതുവഴി അവകാശങ്ങൾക്കുവേണ്ടി ജാതി-മത-കക്ഷിരാഷ്ട്രീയത്തിനതീതമായി കൂട്ടായ ശബ്ദമുയർത്തുവാനും ഇൻഫാമിന്റെ നേതൃത്വത്തിൽ നമുക്ക് കഴിഞ്ഞു എന്നത് ഏവർക്കുമറിയാമല്ലോ. ഇതിനോടകം സർക്കാർ നടപ്പിലാക്കിയ കാർഷിക പെൻഷൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും അതിനായി കർഷകർ സമരരംഗത്തിറങ്ങിയതും ഇൻഫാമിന്റെ നേതൃത്വത്തിലാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആയിരക്കണക്കിന് സ്വാശ്രയസംഘങ്ങൾ കേരളത്തിലുടനീളം ശക്തമായ കർഷകകൂട്ടായ്മകളായി മാറിയതും ഓർമ്മയിലുണ്ട്. മലയോര ഗ്രാമങ്ങളിലെ കർഷകർ വർഷങ്ങളായി നേരിട്ടുവരുന്ന വന്യമൃഗശല്യത്തിനെതിരായ മുന്നേറ്റത്തിന്റെ നേതൃത്വത്തിലും ഇൻഫാം ഉണ്ടായിരുന്നു.

അനിയന്ത്രിതമായ പാമോയിൽ ഇറക്കുമതിയിലൂടെ കേരകർഷകർ പീഡിപ്പിക്കപ്പെട്ടപ്പോൾ പാമോയിൽ ബഹിഷ്കരിച്ചുകൊണ്ടും ഐതിഹാസികമായ തുറമുഖ ഉപരോധസമരത്തിലൂടെയും ഇൻഫാം രംഗത്തിറങ്ങി. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ റബർവില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ റബർ കയറ്റുമതിചെയ്യാൻ ഇൻഫാം മുന്നോട്ടിറങ്ങിയത് റബർ വിപണിയിൽ കാര്യമായ ഗുണഫലങ്ങൾ ഉളവാക്കിയ നീക്കമായിരുന്നല്ലോ.



കർഷകർ സംഘടിതമായി മുന്നോട്ടിറങ്ങിയാൽ ക്രിയാത്മകമായ പല മാറ്റങ്ങളും സാധ്യമാകും എന്നു വ്യക്തമാക്കാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. എന്നാൽ കാർഷിക മേഖല മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണിപ്പോൾ. കേന്ദ്രസർക്കാരുകളുടെ കർഷകദ്രോഹപരമായ റബർ ഇറക്കുമതി നയം മൂലം റബറിന്റെ വില മുൻ വർഷത്തേക്കാൾ പകുതിയോളമായി ചുരുങ്ങി എന്നത് കർഷകരുടെ സകല പ്രതീക്ഷയേയും കൃഷിയുടെ ഭാവിയേയും തകിടം മറിച്ചിരിക്കുകയാണ്. വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി പ്രതിവർഷം ആവശ്യമായ ഇറക്കുമതിയുടെ ഏഴിരട്ടിവരെ റബർ ഇറക്കുമതി ചെയ്യാൻ സർക്കാർ അനുവദിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ റബറിന്റെ ഇറക്കുമതിയിലെ വികലമായ നയങ്ങൾ ഉടനടി തിരുത്തപ്പെടുന്നില്ലെങ്കിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് കർഷകകുടുംബങ്ങൾ പട്ടിണിയിലാകും. റബറിനെ വ്യവസായ ഉല്പന്നത്തിൽ നിന്ന് ഒഴിവാക്കി, കാർഷിക ഉല്പന്നമായി കണ്ട് റബർ തടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാൻ അനുവദിച്ചാൽ റബർ കർഷകർക്ക് അല്പമെങ്കിലും ആദായമാകും. ഉല്പന്നങ്ങളുടെ വിലയിടിവിനു പുറമെ സ്വന്തം കൃഷി ഭൂമിയുടെ സ്വതന്ത്രവിനിയോഗത്തിനുവേണ്ടി ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മീഷനുകളുടെയും ഉദ്യോഗസ്ഥലോബികളുടെയും ദയാദാക്ഷിണ്യത്തിനു കാത്തുനിൽക്കേണ്ട ഗതികേടും പശ്ചിമഘട്ടത്തിലെ സാധാരണ കർഷകകുടുംബങ്ങൾ നേരിടുന്നു.

തീരദേശജനതയും വലിയൊരു ജീവിത പ്രതിസന്ധിയിലാണിന്ന്. തീരദേശനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുമെന്ന സർക്കാർ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല. ഈ വിജ്ഞാപനം മൂലം തീരദേശവാസികൾക്ക് വീടുകൾ പുതുക്കി പണിയുന്നതിനോ പുതിയ വീട് നിർമ്മിക്കുന്നതിനോ സാധ്യമല്ലാത്ത സാഹചര്യമാണ്.

തീരദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും മത്സ്യസമ്പത്തും സംരക്ഷിക്കപ്പെടണം. എന്നാൽ കടലിന്റെയും കായലുകളുടെയും തീരങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന ജനങ്ങളെ

വിസ്മരിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും തീരത്തെ ജനസാന്ദ്രതയും പരിഗണിച്ച് വിജ്ഞാപനത്തിലെ ഭവന നിർമ്മാണത്തിനായുള്ള ദൂരപരിധി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കണം. പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന നിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയെ തകർക്കുന്നതും കടലിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ രക്ഷയ്ക്കുള്ള ഏക പരിഹാരം മലയോരങ്ങളിലും തീരദേശങ്ങളിലും ഇടനാട്ടിലും ജീവിക്കുന്ന ജനസമൂഹം ഒരു മനസ്സോടെ സംഘടിത ശക്തിയാവുക എന്നതുമാത്രമാണ്.

ഇൻഫാം എന്ന പ്രസ്ഥാനത്തെ പഞ്ചായത്തുതലം മുതൽ കൂടുതൽ കാര്യക്ഷമമായി സജീവമാക്കുവാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കിവരികയാണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഇൻഫാം പ്രവർത്തനം ശക്തമാക്കുവാൻ കഴിഞ്ഞ ദേശീയ സമിതി തീരുമാനിച്ചിരിക്കുകയാണ്. മറ്റ് കർഷക സംഘടനകളുമായി സഹകരിച്ച് കൂട്ടായ ശ്രമത്തിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാനും ഗവൺമെന്റുമായി സഹകരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആലോചിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ വാർഡുകൾ അടിസ്ഥാനമാക്കി ജാതിമത കക്ഷി രാഷ്ട്രീയത്തിനതീതമായി കാർഷിക കടലോര മേഖലകളിലെ മുഴുവൻ അദ്ധ്വാനജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് സംഘടിതശക്തിയായി ഇൻഫാമിനെ മാറ്റുവാനും വളർത്തിയെടുക്കുവാനും നാം ഒത്തൊരുമയോടെ രംഗത്തിറങ്ങേണ്ടതുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും/രൂപതകളിലും പ്രത്യേകം ഡയറക്ടർമാരെ നിയമിച്ച് അഭിവന്ദ്യ പിതാക്കന്മാർ സഹകരിക്കുന്നതാണ്. ഇരുപത്/പത്ത് അംഗങ്ങൾ അടങ്ങുന്ന അടിസ്ഥാന യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിച്ച് ഇൻഫാമിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമല്ലോ. ഫെബ്രുവരി അവസാനത്തോടെ ജില്ലാതല സംഗമങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. 2015 ജനുവരി 15-ന് കർഷകദിനമായി ആചരിക്കുന്നതും സംസ്ഥാനതല നേതൃസംഗമം ചേരുന്നതുമാണ്.

നമ്മെ രക്ഷിക്കുവാൻ നാം തന്നെ മുന്നോട്ടിറങ്ങണമെന്ന അടിസ്ഥാന തത്വം നമുക്കു മറക്കാതിരിക്കാം. ജനങ്ങളുടെ ജീവനും, ജീവിതത്തിനും വെല്ലുവിളികളുയരുമ്പോൾ ശക്തമായ ഇടപെടലുകൾ അടി



യന്തരമാണ്. ജനനന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ എല്ലാ ഉദ്യമങ്ങളേയും ശുശ്രൂഷകളേയും ധാരാളമായി ദൈവം അനുഗ്രഹിക്കുമെന്ന് എനിക്കുറപ്പുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

NB: 2015 ജനുവരി 15-നു മുമ്പായി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# സഭൈക്യവാരം 2015

## 18-25 ജനുവരി 2015

### ക്രൈസ്തവ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ 2015 ലേക്കായി നല്കിയിരിക്കുന്ന സഭൈക്യവാര പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന.

ഓരോ സാഹചര്യങ്ങൾക്കും അനുസൃതമായ മാറ്റങ്ങളോടെ ഓരോ സഭയും തനിച്ചോ വിവിധസഭകൾ ഒന്നിച്ചുചേർന്നോ സഭൈക്യവാര പ്രാർത്ഥന നടത്താൻ പരിശ്രമിക്കണം. വിഭാഗീയ ചിന്തകൾ വെടിഞ്ഞ് ദൈവത്തിന്റെ വിശുദ്ധജനമായി ഒന്നുചേർന്ന് ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ആഹ്വാനമാണ് ഈ വർഷത്തെ പ്രാർത്ഥനാചിന്തകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. സഭൈക്യവാരപ്രാർത്ഥന മാത്രമായി നടത്തുമ്പോൾ താഴെപ്പറയുന്ന ക്രമം പാലിക്കാവുന്നതാണ്.

1. **പ്രാരംഭഗാനം-** ഭജനഗാനങ്ങളും ഉപയോഗിക്കാവുന്നതാണ്.
2. **സ്തുതിപ്പ്, പ്രാർത്ഥനകൾ-** ഇതിൽ സ്വർഗ്ഗസ്ഥനായ പിതാവേ, സ്വയംപ്രേരിതപ്രാർത്ഥനകൾ തുടങ്ങിയവ സാഹചര്യാനുസരണം ഉപയോഗിക്കാവുന്നതാണ്.
3. **വായനകൾ-** ഓരോ ദിവസത്തെയും വായനകൾക്കിടയ്ക്ക് ആവശ്യമായ ഗാനങ്ങൾ, നിശബ്ദത, പ്രതിവചനങ്ങൾ എന്നിവ ചേർക്കാവുന്നതാണ്.
4. **വചനവ്യാഖ്യാനം-** ഓരോ ദിവസത്തെയും വചനങ്ങളുടെ വ്യാഖ്യാന

ത്തിന് നൽകിയിരിക്കുന്ന വിചിന്തനം ഇതിന് പ്രയോജനപ്പെടുത്താവുന്ന താണ്.

5. **പൊതു പ്രാർത്ഥന–** സഹായകരമാകുന്ന പൊതുപ്രാർത്ഥനകളും സാഹ ചര്യത്തിനിണങ്ങിയ മറ്റു പ്രാർത്ഥനകളും സമൂഹത്തിന്റെ സ്വയംപ്രേരിത പ്രാർത്ഥനകളും ഉൾപ്പെടുത്താവുന്നതാണ്.
6. **സമാപനം–** കർതൃപ്രാർത്ഥനയും ആശീർവാദവും. തുടർന്ന് ഒരു സമാ പന ഗാനം.

വിശുദ്ധ കുർബാനയോടും മറ്റുപ്രാർത്ഥനകളോടും ചേർത്തും സാഹചര്യ ങ്ങൾക്കനുസൃതം തന്നിരിക്കുന്ന പ്രാർത്ഥനയിൽ നിന്നും ഉചിതമായ ഭാഗ ങ്ങൾ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.

**ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**
ചെയർമാൻ
കെസിബിസി കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം

**സഭകളുടെ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷ**

ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരത്തിന്റെ പ്രാരംഭ ത്തിലോ പ്രാദേശിക കൂട്ടായ്മകൾ തെരഞ്ഞെടുക്കുന്ന ഉചിതമായ മറ്റ് അവ സരങ്ങളിലോ ആരാധനാശുശ്രൂഷയുടെ ഈ രൂപരേഖ ഉപയോഗപ്പെടുത്താ വുന്നതാണ്.

യൂദയായിൽ ഗലീലിയായിലേക്കുള്ള യാത്രാമദ്ധ്യേ സമരിയായിലൂടെ കടന്നുപോകാൻ യേശു നിശ്ചയിച്ചത് ബോധപൂർവ്വമായിരുന്നു. അവന്റെ യാത്രാമാർഗ്ഗം സമരിയാക്കാരിയായ സ്ത്രീ വെള്ളം കോരാൻ വന്നിരുന്ന കിണറ്റിനരികിലൂടെയായിരുന്നു.

സഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കുന്ന ബ്രസീലിലെ സംഘ മാണ് ഈ ആരാധനാശുശ്രൂഷാചരണത്തിന്റെ മാർഗ്ഗനിർദ്ദേശം തയ്യാറാക്കി യിരിക്കുന്നത്. സഭകളുടെ ഐക്യം ഗോചരമായ ഒരു യാഥാർത്ഥ്യമാകാൻ വേണ്ടിയാണ് നമ്മൾ പ്രാർത്ഥിക്കുന്നത്. ഈ ഐക്യത്തിന്റെ സൂചനകൾ നിറഞ്ഞുനില്ക്കുന്ന പ്രതീകങ്ങളായി യാത്രാമാർഗ്ഗത്തെയും ജലത്തെയും ഉപയോഗിക്കണമെന്നാണ് ക്രൈസ്തവഐക്യത്തിനായി ബ്രസീലിൽ പ്രവർത്തിക്കുന്ന സംഘം ആവശ്യപ്പെടുന്നത്. ആരാധനാശുശ്രൂഷാചരണ ത്തിനു മാർഗ്ഗരേഖ തയ്യാറാക്കാൻ പ്രാരംഭമായി ചുവടെ ചേർക്കുന്ന ചോദ്യ ങ്ങളെക്കുറിച്ചു ധ്യാനിക്കാൻ ഈ പ്രാദേശികസംഘം നമ്മോട് ആഹ്വാനം ചെയ്യുന്നു:-

1. യേശുവാകുന്ന ജീവസ്രോതസ്സിൽ നിന്നും പാനം ചെയ്യുവാൻ നമ്മൾ ഐക്യത്തിന്റെ ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്?
2. നമ്മുടെ വൈവിധ്യത്തെ ഉചിതമായി മാനിക്കുകയും വിലകല്പിക്കുകയും



ചെയ്യാൻ ഉപയുക്തമായ ഐക്യത്തിന്റെ മാർഗ്ഗമേതാണ്?

ഐക്യത്തിന്റെ മാർഗ്ഗത്തിൽ ജലം നിറഞ്ഞ ഒരു കിണറുണ്ട്, യാത്രയാൽ ക്ഷീണിതനായ യേശു തേടിയെത്തിയ ജലം; നിത്യജീവനിലേക്ക് നിർവിഘ്ന മായും ശക്തമായും ഒഴുകുന്നതും അവൻ തന്നെ നല്കുന്നതുമായ ജലം. പ്രതിദിന ജോലിയുടെ ഭാഗമായി സമരിയാക്കാരി സിക്കാറിലെ കിണറിൽ നിന്നു കോരിയെടുത്തതു സാധാരണ ജലം, മരുഭൂവിൽ പൂക്കളെ വിരിയിപ്പി ക്കുന്ന ജലം. യേശു നല്കുന്ന ജലം, പരിശുദ്ധാത്മാവിന്റെ ജീവദായക ആവൃ തിയുള്ള ജലം; നവജീവദായകമായ നമ്മുടെ മാമ്മോദീസാജലം.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 4:1–42 വരെയുള്ള വാക്യങ്ങൾ ക്രൈസ്തവ ഐക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ ഹൃദയസ്പന്ദനമാ ണ്. അതു വായിക്കുകയോ പലരുടെയും സ്വരങ്ങൾ അവതരിപ്പിക്കുകയോ നാടകീയമായി ആവിഷ്കരിക്കുകയോ ചെയ്യാം.

സുവിശേഷ പാരായണത്തിനുശേഷം ധ്യാനിക്കാൻ പല രീതികളുണ്ട്. ഉചി തമായി തെരഞ്ഞെടുക്കുമ്പോൾ ആരാധനാശുശ്രൂഷാചരണത്തിനായി സമ്മേ ളിച്ചിരിക്കുന്നവരുടെ എണ്ണം പരിഗണിക്കേണ്ടതാണ്.

ആരാധനാശുശ്രൂഷാചരണത്തിനായി വന്നവരെ ചെറിയ സംഘങ്ങളാക്കു ക. പ്രാരംഭമായി നല്കിയിരിക്കുന്ന ചോദ്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യാനും ആശയങ്ങൾ പങ്കുവയ്ക്കാനും ഈ ചെറിയ സംഘങ്ങൾക്കു സമയം നല്കു ക. അനന്തരം ചെറു സംഘങ്ങൾ പൊതുവായി സമ്മേളിക്കുക. ചർച്ചയിൽ ഉതിർന്നുവന്ന അഭിപ്രായങ്ങളും ആശയങ്ങളും പങ്കുവയ്ക്കുക.

പാരായണം ചെയ്യപ്പെട്ട സുവിശേഷഭാഗത്തെയും പ്രരംഭത്തിൽ നല്കിയിരി ക്കുന്ന ചോദ്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രഭാഷണം നിയു ക്തനായ വ്യക്തി നടത്തുക.

**യാത്രാമാർഗ്ഗവും കിണറും**

ആരാധനാ ശുശ്രൂഷാചരണം നടത്തപ്പെടുന്ന സ്ഥലത്തെ ഇടനാഴി യിലൂടെ ഒരു വഴിയൊരുക്കാം. ആചരണത്തിനായി എത്തിയിരിക്കുന്നവരുടെ മുമ്പിലേക്കു നയിക്കുന്ന രീതിയിൽ വേണം പാതയൊരുക്കുവാൻ. വഴിയുടെ മദ്ധ്യത്തിലായി വലിയൊരു ജലപാത്രം വയ്ക്കുക. അതിനരികിലായി വെള്ളം നിറച്ച മൺപാത്രങ്ങൾ ക്രമീകരിക്കുക. ഈ മൺപാത്രങ്ങൾ വ്യത്യസ്ത നിറങ്ങളുള്ളവയാണെങ്കിൽ ഉചിതം. ആചരണത്തിനായെത്തിയിരിക്കുന്നവ രുടെ വൈവിധ്യത്തെ സൂചിപ്പിക്കാൻ അവ ഉതകുന്നതായിരിക്കും.

കാർമ്മികർ പ്രദക്ഷിണമായി ഈ പാതയിലൂടെ പ്രവേശിക്കണം. പ്രതീകാ ത്മകമായി ഒരുക്കിയിരിക്കുന്ന കിണറ്റിനരികിലൂടെ കടന്നുപോകുമ്പോൾ ഇ തിൽ പങ്കെടുക്കുന്ന ഓരോ സഭയുടേയും പ്രതിനിധി ഏതെങ്കിലുമൊരു മൺപാത്രത്തിൽനിന്നും അല്പ ജലം ഒരുക്കിയിരിക്കുന്ന കിണറ്റിലേക്കു

സാവധാനം ഒഴിക്കണം. വ്യത്യസ്ത സ്രോതസ്സുകളിൽനിന്നുള്ള ജലം നമ്മുടെ ഐക്യത്തിന്റെ പ്രതീകമാണ്. അപൂർണ്ണവും അദൃശ്യവുമാണെങ്കിലും ഈ ഐക്യം നമ്മുടെ ഇടയിൽ നിലനില്ക്കുന്നുണ്ട്. അതിന്റെ പ്രതീകമാണ് വ്യത്യസ്ത സ്രോതസ്സുകളിൽനിന്നുള്ള ജലം. ഈ സന്ദേശസൂചനയെ പ്രാരംഭത്തിൽ തന്നെ പരിചയപ്പെടുത്തണം. പ്രഭാഷണത്തിൽ ഇതിനെക്കുറിച്ചുള്ള ഉചിതമായ വിശദീകരണപരാമർശങ്ങളും ഉൾപ്പെടുത്തണം.

കുമ്പസാരത്തിനുള്ള ഒരുക്കത്തിനായി ഈ പാത ഉപയോഗപ്പെടുത്താം. ആചരണത്തിനായി സമ്മേളിച്ചിരിക്കുന്നവർക്കു വ്യത്യസ്തഭാഗങ്ങളിൽനിന്നു ഈ പാതയിലൂടെ വന്നു ക്ഷമാപണ പ്രാർത്ഥനകൾ അവതരിപ്പിക്കാം. ആചരണത്തിൽ പങ്കെടുത്തവർ ആരാധനാ ശുശ്രൂഷാചരണം സംഘാതമായി പര്യവസാനിപ്പിക്കാൻ സോല്ലാസമായ സ്ഥാനത്തേക്ക് ആശീർവ്വാദാനന്തരം നീങ്ങുമ്പോൾ സമാധാനത്തിന്റെയും കൂട്ടായ്മയുടേയും അടയാളങ്ങൾ കൈമാറേണ്ടതാണ്.

**ആചരണത്തിന്റെ ഘടന**

(പ്രത്യേകം ശ്രദ്ധിക്കുക: കേൾവിക്കുറവുള്ളവരെയും വൈകല്യങ്ങളുള്ളവരെയും ആരാധനാശുശ്രൂഷാചരണത്തിൽ പങ്കെടുപ്പിക്കണം. അതിൽ പൂർണ്ണമായി പങ്കെടുക്കാൻ ആവശ്യമായ സൗകര്യങ്ങൾ അവർക്ക് ഒരുക്കിക്കൊടുക്കണം.)

**ആചരണത്തിന് അഞ്ചു ഭാഗങ്ങളാണുള്ളത്:**

1. ആമുഖം/ഉപക്രമം

2. പ്രാരംഭം-a, സ്വാഗതം b. പ്രാർത്ഥനാവാരത്തെക്കുറിച്ച് ആമുഖ അവതരണം - വിഷയാവതരണം.

c. പാപസങ്കീർത്തനവും കരുണയ്ക്കായുള്ള പ്രാർത്ഥനയും

3. സുവിശേഷ പ്രഘോഷണം

4. വിശ്വാസത്തോടെയും ഐക്യത്തോടെയുമുള്ള പ്രതികരണം - a, വിശ്വാസ പ്രഖ്യാപനം (നൈസീൻ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം, അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും രീതിയിലുള്ള വിശ്വാസപ്രഖ്യാപനം - ഉദാഹരണത്തിന് ജ്ഞാനസ്നാന വാഗ്ദാന നവീകരണം.)

b. മദ്ധ്യസ്ഥ പ്രാർത്ഥന

c.''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന ചൊല്ലുകയോ ആലപിക്കുകയോ ചെയ്യാം.

5. ആശീർവ്വാദം, സമാധാനാശംസകൾ, സമ്മേളിച്ചിരിക്കുന്നവരെ യേശുവിന്റെ സന്ദേശവാഹകരായി അയയ്ക്കുന്ന സമാപന പ്രാർത്ഥനാലാപനം.



**ശുശ്രൂഷാചരണത്തിന്റെ ക്രമീകരണം**

കാ: കാർമ്മികൻ, ശുശ്രൂ: ശുശ്രൂഷി, ജ: ജനം

1. പ്രാരംഭഗാനം/ ഒരുക്കപ്രാർത്ഥന ആചരണം ആരംഭിക്കുമ്പോൾ തിരികളെല്ലാം കത്തിക്കണം.

സ്വാഗതം - പ്രാർത്ഥനാവാരത്തിന്റെ വിഷയാവതരണം

വിവരണം നൽകാൻ നിയുക്തനായ വ്യക്തി വിശ്വാസികളെ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനാചരണത്തിന്റെ വിഷയം അവതരിപ്പിക്കുന്നു.

ശുശ്രൂ : കാർമ്മികൻ പ്രദക്ഷിണമായി ഈ പാതയിലൂടെ പ്രവേശിക്കുമ്പോൾ ആലപിക്കപ്പെടുന്ന ഈ പ്രാരംഭ കീർത്തനത്തിൽ പങ്കാളികളാകാം, സാദരം എഴുന്നേറ്റു നിൽക്കാം. പ്രതീകാത്മകമായ'കിണറ്റി'നരികിലൂടെ കടന്നുപോകുമ്പോൾ ഓരോ വിഭാഗത്തിന്റെയും പ്രതിനിധി മൺപാത്രങ്ങളിലൊന്നിലെ ജലം വലിയ ജലപാത്രത്തിലേക്ക് സശ്രദ്ധം ഒഴിക്കണം. യാഥാർത്ഥ്യമാണെങ്കിലും അപൂർണ്ണമായി നമ്മുടെ ഇടയിൽ നിലനിൽക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് വ്യത്യസ്ത സ്രോതസുകളിൽ നിന്നുള്ള ജലം.

(ആചരണത്തിനെത്തിയവരുടെ എണ്ണം കുറവാണെങ്കിൽ പേരും ഏതു സഭാംഗമാണെന്നും പരിചയപ്പെടുത്താൻ ഓരോരുത്തരെയും ക്ഷണിക്കണം.)

പ്രാർത്ഥനയ്ക്കായുള്ളആഹ്വാനം

കാ : - സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ വൈവിധ്യത്തെ തിരിച്ചറിഞ്ഞ് അംഗീകരിക്കുകയും ആദരിക്കുകയുംചെയ്യുന്ന ഐക്യത്തിന്റെ ജീവവായുവിനെ ഞങ്ങളിലേക്ക് ആവേശിപ്പിക്കണമേ.

ജ : - ഞങ്ങളെ ഒരുമിച്ച്കൂട്ടുകയും ഒരു സമൂഹമായി മാറ്റുകയും ചെയ്യുന്ന സഹിഷ്ണുതയുടെ ആത്മാവിനെ ഞങ്ങളിൽ നിറയ്ക്കണമേ.

കാ :- മുറിവേറ്റ് അകന്ന് പോയവയെ തുന്നിച്ചേർത്ത് ലയിപ്പിക്കുകയും രോഗഗ്രസ്തമായവയെ സുഖപ്പെടുത്തുകയുംചെയ്യുന്ന അഗ്നിയെ ഞങ്ങളിൽ നിറയ്ക്കണമേ .

ജ :- വെറുപ്പിനെ കീഴടക്കുകയും അക്രമത്തിൽ നിന്ന് മോചിപ്പിച്ച് ഞങ്ങളെ സ്വതന്ത്രരാക്കുകയുംചെയ്യുന്ന ചൈതന്യം ഞങ്ങളിൽ നിറയ്ക്കണമേ.

കാ :- പരാജയങ്ങളെ സധൈര്യം അഭിമുഖീകരിക്കുകയും മരണത്തെ കീഴടക്കുകയും ചെയ്യുന്ന ജീവൻ ഞങ്ങളിൽ നിറയ്ക്കണമേ.

ജ :- പിതാവും പുത്രനും പരിശുദ്ധാത്മാവുമായ രൂപിയുമായ ഏക ദൈവം, എല്ലാം നവീകരിക്കുന്ന കനിവിന്റെ നിറവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

**പാപസങ്കീർത്തനവും കരുണയ്ക്കായുള്ള പ്രാർത്ഥനയും.**

കാ :- നമ്മൾ ദൈവത്തിന്റെ മക്കളും ക്രിസ്തുവിൽ സഹോദരീസഹോദരന്മാരും ആയതിനാൽ വിനയത്തോടെ ദൈവകൃപ സ്വീകരിക്കാം. പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനുള്ള ദൈവവിളിക്ക് പ്രതികരണം നല്കാം.

ശുശ്രൂ:- കൃപാനിധിയായ കർത്താവേ, വൈവിധ്യം കിളിർക്കുകയും പരിലസിക്കുകയും ചെയ്ത ജലത്തിൽ നിന്റെ ആത്മാവ് ചലിച്ചുകൊണ്ടിരുന്നല്ലോ. ന്യായമായ വ്യത്യാസങ്ങളോടെ ജീവിക്കുക എന്നത് വളരെ ദുഷ്കരമാണെന്നും അതിൽ ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസത്തെയും ഏറ്റുപറയുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തെ ഹനിക്കുന്ന ഞങ്ങളുടെ മനോഭാവങ്ങളും വാക്കുകളും പ്രവൃത്തികളും ക്ഷമിക്കണമേ.

ജ :- കർത്താവേ, ഞങ്ങളോട് കൃപ കാട്ടേണമേ (വേണമെങ്കിൽ ഈ പ്രതിവചനം ആലപിക്കാം)

ശുശ്രൂ :- കൃപാനിധിയായ ക്രിസ്തുവേ, ജനതതികളുടെ ചൈതന്യവും ആനന്ദവുമേ, ശ്രദ്ധയോടെ ശ്രവിക്കുന്നവനും കൃത്യമായി പഠിപ്പിക്കുന്നവനുമേ, പ്രതീക്ഷയുടെ പുതുദർശനങ്ങൾക്ക് നീ ജന്മം നൽകുന്നു, ശരീരത്തിന്റെയും മനസ്സിന്റെയും മുറിവുകളെ ഉണക്കുന്നു. ഞങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ സ്വരങ്ങളെ ശ്രവിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടുവെന്നും ഐക്യദാർഢ്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടി മുറവിളികൂട്ടുന്നവരെ അകറ്റിനിറുത്തുന്ന മനോഭാവം പുലർത്തിപ്പോന്നുവെന്നും ഞങ്ങൾ ഏറ്റുപറയുന്നു.

ജനം :- കർത്താവേ, ഞങ്ങളോടു കൃപകാട്ടേണമേ (വേണമെങ്കിൽ ഈ പ്രതിവചനം ആലപിക്കാം)

ശുശ്രൂ :- കരുണാനിധിയായ കർത്താവേ, സർവ്വസൃഷ്ടിയുടെയും സ്രോതസ്സ് അവിടന്നാണ്. ജീവദായകമായ നിത്യവചനം അവിടന്നാണ്. മോചനത്തിനും നവീകരണത്തിനുമായി നെടുവീർപ്പോടെ കരയുന്ന അവിടത്തെ സൃഷ്ടിയെ ഞങ്ങൾ ശ്രവിക്കാറില്ലെന്ന് ഏറ്റു പറയുന്നു. ഐക്യമത്യത്തോടെ ജീവിക്കാനും സൗഖ്യത്തിനും പരിചരണത്തിനും പരിഗണനയ്ക്കുമായി തീവ്രമായി ആഗ്രഹിക്കുകയും പീഡകൾ സഹിക്കുകയും ചെയ്യുന്നവരിൽ അവിടത്തെ സ്വരം കേൾക്കാനും ഞങ്ങളെ സഹായിക്കേണമേ.

ജനം :- കർത്താവേ, ഞങ്ങളോടു കൃപകാട്ടേണമേ

കാ :- കൃപയുടെയും ചൈതന്യത്തിന്റെയും ഉറവിടമായ ദൈവമേ, അങ്ങയുടെ ക്ഷമാമൃതം ഞങ്ങളിൽ വർഷിക്കണമേ അവിടുത്തെ ജനതയുടെ ശക്തി വീണ്ടെടുക്കുവാൻ പ്രാപ്തിയുള്ള ജീവജലത്തിന്റെ സ്രോതസായി ഞങ്ങളെ പരിരൂപപ്പെടുത്തേണമേ. ഈ പ്രാർത്ഥനകൾ ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്നു.



ജ :- ആമേൻ

3. സുവിശേഷ പ്രഭാഷണം

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 4:1 – 42 വാക്യങ്ങൾ പാരായണം ചെയ്യാം. അല്ലെങ്കിൽ ഈ സുവിശേഷ ഭാഗത്തിന്റെ നാടകാവിഷ്കാരമാകാം.

അനന്തരം ധ്യാനം അല്ലെങ്കിൽ പ്രഭാഷണം.

4. വിശ്വാസത്തോടെയും ഐക്യത്തോടെയുമുള്ള പ്രതികരണം: വിശ്വാസ പ്രഖ്യാപനം (നൈസീൻ – കോസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം, അപ്പസ്തോലിക വിശ്വാസപ്രമാണം, അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും രീതിയിലുള്ള വിശ്വാസ പ്രഖ്യാപനം – ഉദാഹരണത്തിന് ജ്ഞാനസ്നാന വാഗ്ദാന നവീകരണം.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ചുവടേ ചേർക്കുന്നവ ഗാനരൂപത്തിൽ ആലപിക്കാം, അല്ലെങ്കിൽ മറ്റേതെങ്കിലും മദ്ധ്യസ്ഥപ്രാർത്ഥനാഗാനം ആലപിക്കാം.

ശുശ്രൂ :- നിത്യദയാനിധിയായ ദൈവമേ, വ്യക്തികളെന്നനിലയിലും സമൂഹമെന്നനിലയിലും ഉൾക്കാഴ്ച നൽകുന്ന പ്രകാശത്തിനായി ഞങ്ങൾ യാചിക്കുന്നു. ഈ പ്രകാശത്തിന്റെ സ്വാധീനത്തിൽ മറ്റുള്ളവരെ സ്വീകരിക്കാൻ മനോഭാവമുള്ളവരും മറ്റുള്ളവരെ മനസ്സിലാക്കാൻ കഴിവുള്ളവരുമായി ഞങ്ങളെ മാറ്റണമേ. അതിലൂടെ ലോകത്തിലെ വേദനകളും സഹനങ്ങളും ലഘൂകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

ജ :- സ്നേഹമാകുന്ന ദൈവമേ ഞങ്ങളെ ശ്രവിക്കണമേ, ഞങ്ങളുടെ ഈ നിലവിളി കേൾക്കണമേ

ശുശ്രൂ :- നിത്യദയാനിധിയായ ദൈവമേ, ഉപവിയും ഐക്യവും ഔദാര്യനിർഭരമായ ആഥിത്യമര്യാദയും മാനവരാശിയോടുള്ള അവിടത്തെ വെളിപ്പെടുത്തലിന്റെയും തിരുവുള്ളത്തിന്റെയും പ്രത്യക്ഷ പ്രകടനങ്ങളാണെന്ന് അവിടത്തെ മക്കളായ ഞങ്ങളെ പഠിപ്പിക്കണമേ.

ജ : – സ്നേഹമാകുന്ന ദൈവമേ, ..

ശുശ്രൂ :- നിത്യദയാനിധിയായ ദൈവമേ, ഞങ്ങൾക്ക് ശാന്തിനൽകണമേ അക്രമരഹിതവും സഹിഷ്ണുത നിറഞ്ഞതുമായൊരു നവലോകത്തിന്റെ ശില്പികളാകാൻ ഞങ്ങളെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യണമേ.

ജ :- സ്നേഹമാകുന്ന ദൈവമേ, ..

ശുശ്രൂ :- നിത്യദയാനിധിയായ ദൈവമേ, സൃഷ്ടിയിലൂടെയും പ്രവാചകരിലൂടെയും അവിടത്തെ തിരുസുതൻ യേശുക്രിസ്തുവിലൂടെയും അവിടന്ന് ഞങ്ങളെ പഠിപ്പിക്കുകയും അവിടത്തെ തിരുവുള്ളം ബോധ്യപ്പെടുത്തുകയും ചെയ്തുവല്ലോ. വൈവിധ്യത്തിൽ ഐക്യം വളർത്താനും നിലനിറുത്താനും

ഞങ്ങളെ ആഹ്വാനം ചെയ്യുന്ന അവിടത്തെ സ്വരംകേൾക്കുവാനുള്ള വിവേകം ഞങ്ങൾക്ക് നൽകണമേ.

ജ :- സ്നേഹമാകുന്ന ദൈവമേ, ..

ശുശ്രൂ :- നിത്യദയാനിധിയായ ദൈവമേ, ഒരുഅപരിചിതനെപ്പോലെ സമരിയാക്കാരിസ്ത്രീയിൽ നിന്നും ദാഹജലം ചോദിച്ച ഞങ്ങളുടെ കർത്താവും അങ്ങയുടെ തിരുസുതനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾക്ക് നിത്യജീവനിലേക്ക് കുതിച്ചുയരുന്ന ജീവജലം നൽകണമേ.

ജ :- സ്നേഹമാകുന്ന ദൈവമേ, ..

ശുശ്രൂ :- സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും അടയാളമായി ഞങ്ങളുടെ ജീവിതം സമർപ്പിക്കണമെന്നാണ് യേശുവിൽ നിന്നും ഞങ്ങൾ പഠിക്കുന്നത്. അവിടത്തെ വചനത്തിന്റെയും കൃപയുടെയും ശുശ്രൂഷയ്ക്കായി സമർപ്പിതമായ ജീവസുറ്റ നൈവേദ്യമായി ഞങ്ങൾ തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കാ :- ഞങ്ങൾക്കൊപ്പം ആയിരിക്കുകയും ഞങ്ങളുടെ മദ്ധ്യേ ചരിക്കുന്നവനുമായ ദൈവമേ, എല്ലാവരേയും, പ്രത്യേകിച്ച് ഞങ്ങളിൽ നിന്ന് വ്യത്യസ്തരായിരിക്കുന്നവരെയും ഉൾക്കൊള്ളുന്നതിലും സ്വീകരിക്കുന്നതിലും ശ്രവിക്കുന്നതിലും വിശ്വസ്തരായിരിക്കുവാനും ഞങ്ങളുടെ ദൗത്യത്തിൽ തുടരുവാനും അവിടത്തെ പ്രകാശത്തിന്റെയും പരിശുദ്ധാത്മാവിന്റെയും ചൈതന്യം ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ ഹൃദയത്തിലുള്ള അക്രമാസക്തിയെയും മറ്റുള്ളവരുടെ മാനവമഹത്ത്വത്തെ തരംതാഴ്ത്തിക്കാട്ടുവാനും അവരെ ഒഴിവാക്കി അകറ്റുവാനും പ്രേരിപ്പിക്കുന്ന വിവേചനാനിർഭരമായ മനോഭാവത്തെയും എടുത്തുമാറ്റണമേ. അർത്ഥവത്തായ ആഘോഷവും മാപ്പേകലും സന്തോഷവും ദയയും പങ്കുവയ്ക്കുന്നതും ശക്തിയും വിശ്വാസവുമെല്ലാം ഞങ്ങളുടെ പ്രതിദിന ആചരണമായി, നിത്യവുമുള്ള ആഹാരമായി യേശുക്രിസ്തുവിൽ മുമ്പോട്ടുള്ള പ്രയാണചലനമായി അനുഭവിക്കാൻ ഞങ്ങളെ സ്വാഗതംചെയ്യുന്ന സ്ഥാനങ്ങളായിത്തീരാൻ ഞങ്ങളുടെ സഭയ്ക്ക് കഴിവേകണമേ.

ജ :- ആമേൻ

കർത്താവിന്റെ പ്രാർത്ഥന – 'സ്വർഗ്ഗസ്ഥനായ പിതാവേ'– ചൊല്ലുകയോ ആലപിക്കുകയോചെയ്യാം.

5. ആശീർവാദം, സമാധാനാശംസകൾ, സമ്മേളിച്ചവരെ യേശുവിന്റെ ദൗത്യവാഹകരായി അയയ്ക്കുന്നത് ആശീർവ്വാദം.

കാ :- കർത്താവായ ദൈവം നിങ്ങളെ ആശീർവ്വദിച്ച് സംരക്ഷിക്കുമാറാകട്ടെ. നിങ്ങളുടെ ഹൃദയങ്ങളിൽ ആർദ്രതയും ആത്മാവിൽ ആനന്ദവും



കാതുകളിൽ സംഗീതവും നാസാദ്വാരങ്ങളിൽ സുഗന്ധവും നാവിൽ പ്രതീക്ഷ നൽകുന്ന ഗാനവും നിറയ്ക്കട്ടെ.

ജീവജലമായ യേശുക്രിസ്തു നിങ്ങളെ സംരക്ഷിക്കാൻ നിങ്ങളുടെ പിൻപിലുണ്ടാകട്ടെ; നിങ്ങൾക്ക് മാർഗ്ഗദർശനം നൽകാൻ നിങ്ങളുടെ മുൻപിലുണ്ടായിരിക്കട്ടെ. നിങ്ങളുടെ സഹചാരിയാകാൻ നിങ്ങളുടെ അരികിലുണ്ടായിരിക്കട്ടെ. നിങ്ങൾക്ക് ആശ്വാസമേകാൻ നിങ്ങളുടെ ഉള്ളിലുണ്ടായിരിക്കട്ടെ. നിങ്ങളെ അനുഗ്രഹിക്കാൻ നിങ്ങളുടെ മുകളിലുണ്ടായിരിക്കട്ടെ. നിങ്ങളുടെ ചിന്തകളെ ശുദ്ധീകരിക്കാൻ ജീവദായകനായ ദൈവാത്മാവ് നിങ്ങളിൽ നിറയട്ടെ; നിങ്ങളുടെ പ്രവൃത്തികളെ ശുദ്ധീകരിക്കാൻ നിങ്ങളിൽ പ്രവർത്തിക്കട്ടെ; ശുദ്ധമായതിനെ സ്നേഹിക്കാൻ നിങ്ങളുടെ ഹൃദയത്തെ പ്രേരിപ്പിക്കട്ടെ; പരിശുദ്ധമായതിനെ സംരക്ഷിക്കാൻ നിങ്ങളെ ശക്തരാക്കട്ടെ; നിങ്ങളുടെ ഹൃദയത്തെ അവിടത്തെ വാസസ്ഥാനമാക്കട്ടെ; നിങ്ങളുടെ ഹൃദയത്തിലെ തരിശുഭാവത്തെ മാറ്റി അത് ജീവജലനിർഭരമാക്കട്ടെ: നിങ്ങളുടെ ഹൃദയത്തിന്റെ ശൈത്യം ഉരുക്കി മാറ്റട്ടെ; നിങ്ങളുടെ ആത്മാവിന്റെ ശ്രീകോവിലിൽ സ്നേഹാഗ്നി ജ്വലിപ്പിക്കട്ടെ; നേരായ വിശ്വാസവും അചഞ്ചലമായ പ്രത്യാശയും സത്യസന്ധതയും സമ്പൂർണ്ണവുമായ സ്നേഹവും സമൃദ്ധമായി നിങ്ങൾക്ക് നൽകുമാറാകട്ടെ.

ജ :- ആമേൻ

കാ :- ക്രൈസ്തവ ഐക്യത്തിന്റെ പാതയിൽ നാം മുമ്പോട്ട് നീങ്ങുമ്പോൾ പരസ്പരം സ്വാഗതം ചെയ്യാനും സ്വീകരിക്കാനും ആഥിത്യമര്യാദ പ്രകടിപ്പിക്കാനും നമ്മെ പഠിപ്പിക്കുന്ന ദൈവം നമുക്ക് സമാധാനവും പ്രശാന്തതയും നൽകുമാറാകട്ടെ, ക്രിസ്തുവിന്റെ സമാധാനത്തിൽ നമ്മൾ പോകുമ്പോൾ നമുക്ക് പരസ്പരം സമാധാനം ആശംസിക്കാം.

സമാപനഗാനാലാപനം

## എട്ടുദിവസങ്ങൾക്കായുള്ള വചനചിന്തകളും പ്രാർത്ഥനകളും

### ഒന്നാം ദിനം – പ്രഘോഷണം.

### സമരിയായിലൂടെ കടന്നു പോകേണ്ടിയിരിക്കുന്നു (യോഹ 4.4).

ഉത്പ 24:10–33 – അബ്രഹാമും റെബേക്കയും കിണറ്റിനരികിൽ

സങ്കീർത്തനം 42 – നീർച്ചാൽ തേടുന്ന മാൻപേട

2 കോറീന്ത്യർ 8 : 1 – 7 – മാസിഡോണിയായിലെ സഭകളുടെ ഉദാരത

യോഹ 4 : 1 – 4 – അവനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു.

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. "സമരിയായിലൂടെ കടന്നു പോകുക" എന്നത് എനിക്കും എന്റെ സഭാവിഭാ

ഗത്തിന്റെ വിശ്വാസത്തിനും എന്താണർത്ഥമാക്കുന്നത് ?

2. എന്റെ സഭാവിഭാഗം ഇതര സഭാവിഭാഗങ്ങളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഈ പാരസ്പര്യത്തിൽ നിന്നും സഭകൾ എന്താണ് പഠിച്ചിട്ടുള്ളത്?

**പ്രാർത്ഥന**

എല്ലാ ജനതകളുടെയും ദൈവമേ, ഇതര സഭകളിലെ ഞങ്ങളുടെ സഹോദരീസഹോദരന്മാരെ കണ്ടെത്തുവാൻ "സമരിയായിലൂടെ കടന്നു പോകാൻ" ഞങ്ങളെ പഠിപ്പിക്കണമേ. ഓരോ സഭയിൽ നിന്നും സംസ്കാരത്തിൽ നിന്നും പഠിക്കുന്നതിന് തുറന്ന മനസ്സുമായി അവിടെ പോകാൻ ഞങ്ങളെ അനുവദിക്കണമേ. അവിടന്നാണ് ഐക്യത്തിന്റെ സ്രോതസ്സെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ക്രിസ്തു ഞങ്ങൾക്കായി ആഗ്രഹിക്കുകയും തിരുമനസ്സാകുകയും ചെയ്ത ഐക്യം ഞങ്ങൾക്ക് നല്കണമേ.

ആമേൻ.

**രണ്ടാം ദിനം - പരസ്യമായ തള്ളിപ്പറയൽ**

**യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറിന്റെ കരയിലിരുന്നു (യോഹ 4:6)**

ഉത്പ 29 :1-14 - യാക്കോബും റാഹേലും കിണറിന്റെ കരയിൽ

സങ്കീർത്തനം 137 - വിദേശത്ത് ഞങ്ങൾ എങ്ങനെ കർത്താവിന്റെ ഗാനം ആലപിക്കും?

1 കൊറീന്ത്യർ 1:10-18 - നിങ്ങളോരോരുത്തരും പറയുന്നു. "ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ്."

യോഹ 4:5-6 - യാത്രചെയ്ത് യേശു ക്ഷീണിച്ചിരുന്നു.

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നമ്മുടെ സഭകൾ തമ്മിലുള്ള മത്സരത്തിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ എന്താണ് ?

2. നമ്മുടെ തർക്കങ്ങളും മത്സരങ്ങളും വെടിഞ്ഞ് ചാരിനിന്ന് വിശ്രമിക്കാൻ പറ്റിയ ഒരു പൊതു"കിണർ" തിരിച്ചറിഞ്ഞ് കണ്ടെത്തുവാൻ കഴിയുമോ?

**പ്രാർത്ഥന**

കൃപ നിറഞ്ഞ ദൈവമേ, മത്സരത്തിന്റെ യുക്തി തെരഞ്ഞെടുക്കുന്നതിലേക്കാണ് പലപ്പോഴും ഞങ്ങളുടെ സഭകൾ നയിക്കപ്പെടുന്നത്. ഞങ്ങളുടെ ദുരഹങ്കാരം അവിടന്ന് ക്ഷമിക്കണമേ. ആദ്യസ്ഥാനത്തിനായുള്ള ആഗ്രഹം ഞങ്ങൾക്കു മടുത്തു. "കിണറിന്റെ"കരയിൽ വിശ്രമിക്കാൻ ഞങ്ങളെ അനു



വദിക്കണമേ. ഞങ്ങളുടെ ഈ കൂട്ടായ പ്രാർത്ഥനായത്നത്തിൽ നിന്നും കോരിയെടുത്ത ഐക്യത്തിന്റെ ജലത്താൽ ഞങ്ങൾക്ക് നവോന്മേഷം നല്കണമേ. ക്രമരാഹിത്യത്തിന്റെ ജലത്തിനുമീതേ ചലിച്ചുകൊണ്ടിരുന്ന അവിടത്തെ ആത്മാവ് ഞങ്ങളിൽ വേർതിരിവുണ്ടാക്കുന്ന വൈവിധ്യത്തിൽ നിന്നും ഐക്യത്തെ ജനിപ്പിക്കുമാറാകട്ടെ. ആമേൻ

**മൂന്നാം ദിനം - തള്ളിപ്പറയൽ II**

**"എനിക്ക് ഭർത്താവില്ല" (യോഹ 4: 7)**

3. രാജാക്കന്മാർ 17: 24 34 - അസീരിയാക്കാരാൽ കീഴടക്കപ്പെട്ട സമരിയ

സങ്കീർത്തനങ്ങൾ 139 :1-12 കർത്താവേ, അവിടന്നെന്നെ പരിശോധിച്ചറിഞ്ഞിരിക്കുന്നു"

റോമാ 7: 1-4 -"ക്രിസ്തുവിന്റെ ശരീരം മുഖേന നിയമത്തിന് നിങ്ങൾ മരിച്ചവരായി "

യോഹ. 4:16-19 -'എനിക്ക് ഭർത്താവില്ല'

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നമ്മുടെ സമൂഹങ്ങളിൽ നമുക്ക് തിരിച്ചറിയാൻ സാധിക്കുന്ന പാപനിർഭരമായ സംവിധാനങ്ങൾ എന്തൊക്കെയാണ്?

2. നമ്മുടെ സഭകളിൽ സ്ത്രീകൾക്ക് എന്തു സ്ഥാനവും ഭാഗഭാഗിത്വവുമാണുള്ളത് ?

3. സ്ത്രീകളോടും പെൺകുട്ടികളോടുമുള്ള അക്രമം തടയാനും അതിനെ കീഴടക്കാനും നമ്മുടെ സഭകൾക്ക് എന്തുചെയ്യാൻ കഴിയും?

**പ്രാർത്ഥന**

എല്ലാത്തിനും അതീതനായ ദൈവമേ, മറ്റൊരു നാമം കൊണ്ട് അങ്ങയെ ഞങ്ങൾക്ക് എങ്ങനെ അഭിസംബോധന ചെയ്യാൻ സാധിക്കും? നിന്നെ പ്രകീർത്തിക്കാൻ ഏതു ഗാനം ആലപിക്കാൻ സാധിക്കും? ഒരു പദത്തിനും നിന്നെ അവതരിപ്പിക്കാൻ കഴിയില്ല. ഏത് അരൂപിക്കാണ് അങ്ങയെ ദർശിക്കാൻ കഴിയുന്നത്? ഒരു ബുദ്ധിശക്തിക്കും നിന്നെ ഗ്രഹിക്കാൻ കഴിയില്ല. നീ മാത്രം അവാച്യനാണ്. പറയപ്പെട്ടിട്ടുള്ളതെല്ലാം നിന്നിൽ നിന്നാണ് വരുന്നത്. എല്ലാ സൃഷ്ടിജാലങ്ങളും നിന്നെ പ്രഘോഷിക്കുന്നു. സംസാരശേഷിയുള്ളവരും മൂകരും എല്ലാം നിന്നെ പ്രകീർത്തിക്കുന്നു. എല്ലാം നിനക്കായി ദാഹിക്കുന്നു. നിനക്കായുള്ള അഭിലാഷത്തോടെ എല്ലാം നെടുവീർപ്പിടുന്നു. അസ്തിത്വമുള്ളതെല്ലാം നിന്നോട് പ്രാർത്ഥിക്കുന്നു. നിന്റെ പ്രപഞ്ചത്തിൽ ധ്യാനത്തിന് വിഷയീഭവിപ്പിക്കുന്നവയെല്ലാം നിനക്കായി നിശ്ശബ്ദ കീർത്തനം

ഉയർത്തുന്നു. എല്ലാറ്റിനും അതീതനായവനേ, ഞങ്ങളിൽ അലിവു തോന്ന ണമേ. മറ്റേതു നാമത്തിൽ ഞങ്ങൾക്കു നിന്നെ അഭിസംബോധന ചെയ്യാൻ സാധിക്കും? ആമേൻ

**നാലാം ദിനം – പരിത്യാഗം**

**'ആ സ്ത്രീയാകട്ടെ അവളുടെ കുടം അവിടെ ഉപേക്ഷിച്ചു (യോഹ 4: 28)**

ഉത്പത്തി 11: 31, 12:4 – തന്നെ വലിയൊരു ജനതയാക്കി അനുഗ്രഹിക്കുമെന്ന് ദൈവം അബ്രഹാമിന് വാക്ക് നൽകുന്നു.

സങ്കീർത്തനം 23 – കർത്താവെന്റെ ഇടയനാകുന്നു.

യോഹ 4:25-28 – "ആ സ്ത്രീയാകട്ടെ അവളുടെ കുടം അവിടെ ഉപേക്ഷിച്ചു"

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. യേശുവിനെ കണ്ടെത്തൽ നമ്മുടെ കുടങ്ങൾ ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്നു. ആ കുടങ്ങൾ നമുക്ക് എന്തൊക്കെയാണ് ?

2. കുടങ്ങൾ ഉപേക്ഷിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഏവയാണ്?

**പ്രാർത്ഥന**

സ്നേഹധനനായ ദൈവമേ, മറ്റുള്ളവരുമായുള്ള അഭിമുഖീകരണം ഞങ്ങൾക്കായി കൃപയുടെയും അനുഗ്രഹങ്ങളുടെയും പുതിയ ചക്രവാളങ്ങൾ തുറന്നിടുന്നതായി യേശുവിൽ നിന്നും സമരിയാക്കാരിയിൽ നിന്നും പഠിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ പരിമിതികളെ തകർക്കാനും പുതിയ വെല്ലുവിളികളെ സ്വീകരിക്കാനും ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുസുതന്റെ വിളി പിൻതുടരുന്നതിൽ ഭയത്തിനതീതരാകാൻ ഞങ്ങളെ സഹായിക്കണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

**അഞ്ചാം ദിനം – വിളംബരം**

**"വെള്ളം കോരാൻ നിനക്കു പാത്രവുമില്ല, കിണർ ആഴമുള്ളതുമാകുന്നു" (യോഹ 4: 11).**

ഉത്പത്തി 46: 1-7 – ഈജിപ്തിലേക്കു പോകുവാൻ ഭയപ്പെടേണ്ടെന്നു ദൈവം യാക്കോബിനോടു പറയുന്നു.

സങ്കീർത്തനം 133 – സഹോദരങ്ങൾ ഐക്യത്തിൽ ജീവിക്കുന്നത് എത്ര നല്ലതാണ്!

അപ്പ 2: 1-11- പെന്തക്കോസ്താ ദിനം



യോഹ 4; 7-15 "വെള്ളം കോരാൻ നിനക്കു പാത്രവുമില്ല, കിണർ ആഴമുള്ളതുമാണ്".

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നിങ്ങളുടെ സഭ മറ്റൊരു സഭയെ സഹായിക്കുകയും അല്ലെങ്കിൽ മറ്റൊരു സഭയാൽ സഹായിക്കപ്പെടുകയും ചെയ്യപ്പെട്ട ഏതെങ്കിലും സാഹചര്യങ്ങൾ ഓർമ്മിക്കുന്നുണ്ടോ?

2. മറ്റൊരു സഭയിൽ നിന്നും സഹായം സ്വീകരിക്കുന്നതിൽ നിശബ്ദമായ ഭയം നിറഞ്ഞ പരിമിതികൾ കല്പിക്കാറുണ്ടോ? എങ്കിൽ ഇവയെ എങ്ങനെ തരണം ചെയ്യാൻ കഴിയും?

**പ്രാർത്ഥന**

ദൈവമേ, ജീവജലത്തിന്റെ വറ്റാത്ത ഉറവയേ, കൂടുതൽ ഞങ്ങൾ ഞങ്ങളുടെ കയറിന്റെ ഇഴകൾ കൂട്ടിച്ചേർക്കുമ്പോൾ, കൂടുതൽ ആഴത്തിൽ ഞങ്ങളുടെ വെള്ളം കോരുന്ന പാത്രങ്ങൾ അവിടത്തെ ദിവ്യജലധാരയിൽ എത്താൻ സാധിക്കുമെന്നു മനസ്സിലാക്കാൻ ഞങ്ങളെ സഹായിക്കണമേ. മറ്റുള്ളവരുടെ കഴിവുകളുടെ ആഴം നിർണയിക്കാൻ ഞങ്ങൾക്ക് സാധിക്കാത്ത അവസരങ്ങൾ അവിടത്തെ രഹസ്യത്തിന്റെ ഭാഗിക കണ്ടെത്തലാണെന്ന അവബോധത്തിലേക്കു ഞങ്ങളെ ഉണർത്തണമേ. ഞങ്ങളെ ഐക്യത്തിലും സമാധാനത്തിലും സഞ്ചയിപ്പിക്കുന്ന അവിടത്തെ ജീവജലം പാനംചെയ്യുവാൻ അവിടുത്തെ കിണറിന്റെ അരികിലിരിക്കാൻ ഇടയാക്കണമേ. ദാഹം ശമിപ്പിക്കാൻ സമരിയാക്കാരി സ്ത്രീയിൽ നിന്നും വെള്ളം ചോദിച്ച അവിടത്തെ പുത്രൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇതു യാചിക്കുന്നു. ആമേൻ.

**ആറാം ദിനം – സാക്ഷ്യം**

**യേശു പറഞ്ഞു: "ഞാൻ നല്കുന്ന ജലം അവരിൽ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും" (യോഹ 4:14).**

പുറപ്പാട് 2: 15-22; മോസസ് മീദിയാന്റെ കിണറിന്റെ അരികിൽ

സങ്കീർത്തനം 91 – കർത്താവിൽ അഭയം തേടുന്നവരുടെ ഗീതം

1 യോഹ 4; 16-21 – പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു.

യോഹ 4: 11-15 – "നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവി"

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. അവനിലൂടെ നമ്മൾ "നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും " എന്ന യേശുവിന്റെ വാക്കുകൾ നമ്മൾ എങ്ങനെ വ്യാഖ്യാനിക്കും?

2. ക്രിസ്ത്യാനികൾ നിങ്ങൾക്കും മറ്റുള്ളവർക്കും ജീവജലത്തിന്റെ അരുവികളാകുന്നതു നിങ്ങൾക്ക് എവിടെ കാണാൻ സാധിക്കുന്നു?

3. ജീവജലത്തിന്റെ അരുവികളാകാൻ സഭകൾ ഏകസ്വരത്തിൽ സംസാരിക്കേണ്ട പൊതുജീവിതത്തിലെ സാഹചര്യങ്ങൾ ഏവ?

**പ്രാർത്ഥന**

ത്രിത്വൈക ദൈവമേ, യേശുവിന്റെ മാതൃക അനുസരിച്ചു ഞങ്ങൾ അവിടത്തെ സ്നേഹത്തിന്റെ സാക്ഷികളായിത്തീരാൻ അനുഗ്രഹിക്കണമേ. നീതിയുടെയും സമാധാനത്തിന്റെയും ഉപകരണങ്ങളായി ത്തീരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഐക്യത്തിലേക്ക് നയിക്കുന്ന സമൂർത്തമായ കർമ്മങ്ങൾക്കായി അവിടത്തെ ആത്മാവ് ഞങ്ങളെ പ്രചോദിപ്പിക്കുമാറാകട്ടെ. മതിലുകൾ പാലങ്ങളായി പരിരൂപപ്പെടാൻ ഇടയാക്കണമേ. പരിശുദ്ധാത്മാവുമായി ഐക്യത്തിൽ വാഴുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

## ഏഴാം ദിനം – സാക്ഷ്യം

### "എനിക്കു കുടിക്കാൻ തരുക" (യോഹ 4;7)

സംഖ്യ 20: 1-11 – "ഇസ്രായേൽ ജനം മെറീബായിൽ"

സങ്കീർത്തനം 119: 10-20 –"അങ്ങയുടെ വചനം ഞാൻ വിസ്മരിക്കുകയില്ല".

റോമാ 15: 2-7 – "പരസ്പരൈക്യത്തിൽ ജീവിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ".

യോഹ 4; 7-15 – "എനിക്കു കുടിക്കാൻ തരുക".

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. ദൈവത്തെക്കുറിച്ചു നിങ്ങൾക്കുള്ള അറിവും അനുഭവവും മറ്റുള്ള ക്രൈസ്തവരെ അഭിമുഖീകരിക്കുന്നതിലൂടെ എത്രത്തോളം എങ്ങനെ സമ്പന്നമാക്കപ്പെട്ടിട്ടുണ്ട്?

2. നിങ്ങളുടെ പ്രദേശത്തെ മതപരമായ പാരമ്പര്യങ്ങളിൽനിന്നും സ്വദേശീയമായ വിജ്ഞാനത്തിൽനിന്നും ക്രൈസ്തവസമൂഹങ്ങൾക്ക് എന്തു പഠിക്കാൻ സാധിക്കും?

**പ്രാർത്ഥന**

ജീവസ്രോതസ്സായ ദൈവമേ, സർവ്വസൃഷ്ടിയെയും പരിപാലിക്കുന്നവനേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ ക്ഷണിക്കുന്നവനേ, ആയുധങ്ങളിൽ നിന്നല്ല, പരസ്പരബഹുമാനത്തിൽ ഞങ്ങളുടെ സുരക്ഷിതത്വം സംജാതമാകട്ടെ. പണത്തിലല്ല പങ്കുവയ്ക്കലിലാകട്ടെ ഞങ്ങളുടെ സമ്പത്ത്.



ഞങ്ങളുടെ പാത അഭിലാഷങ്ങളുടേതല്ല, നീതിയുടേതാകട്ടെ. ഞങ്ങളുടെ വിജയം പ്രതികാരത്തിലല്ല ക്ഷമിക്കുന്നതിലാകട്ടെ. ഇന്നും എന്നും ഐക്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും അപ്പം പങ്കുവച്ചുകൊണ്ട്, തുറന്ന മനസോടെയും ആത്മവിശ്വാസത്തോടെയും സർവ്വസൃഷ്ടിയുടെയും അന്തസ് ഞങ്ങൾ പരിരക്ഷിക്കുമാറാകട്ടെ. അക്രമത്തിന് ഇരയായി ക്രൂശിക്കപ്പെട്ടിട്ടും കുരിശിന്റെ ഔന്നത്യത്തിൽനിന്നും എല്ലാവരോടും ക്ഷമിച്ച അങ്ങയുടെ പുത്രനും ഞങ്ങളുടെ സഹോദരനുമായ യേശുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥനകൾ സമർപ്പിക്കുന്നു. ആമേൻ.

(നീതിയിലൂടെ സമാധാനത്തിലേക്കുള്ള ആദ്യപടിയായി ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ആഹ്വാനത്തോടെ ബ്രസീലിൽ നടത്തപ്പെട്ട സഭകളുടെ ഐക്യത്തിനായുള്ള സമ്മേളനത്തിലെ ഒരു പ്രാർത്ഥനയിൽനിന്നും അനുരൂപപ്പെടുത്തിയതാണീ പ്രാർത്ഥന.)

## എട്ടാം ദിനം – സാക്ഷ്യം നല്കൽ

### ആ സ്ത്രീയുടെ സാക്ഷ്യം മൂലം അനേകർ വിശ്വസിച്ചു. (യോഹ 4:39)

പുറപ്പാട് 3: 13-15 – മോസസ് അഗ്നിയിൽ ജ്വലിച്ച മുൾപ്പടർപ്പിനരികിൽ

സങ്കീർത്തനം 30 – കർത്താവ് നമ്മെ ജീവിതത്തിലേക്ക് ആനയിക്കുന്നു.

റോമാ 10; 14-17 – സദ്വാർത്ത കൊണ്ടുവരുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

യോഹ 4: 27-30, 39-40 – ആ സ്ത്രീയുടെ സാക്ഷ്യം മൂലം അനേകർ വിശ്വസിച്ചു.

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. ഐക്യവും സുവിശേഷദൗത്യവും തമ്മിലുള്ള ബന്ധം എന്താണ്?

2. നിങ്ങളുടെ സമൂഹത്തിൽ സ്വന്തം ജീവിതത്തിലൂടെ ഐക്യത്തിനു സാക്ഷ്യം വഹിക്കുന്നവരെ അറിയുമോ?

**പ്രാർത്ഥന**

ജീവജലത്തിന്റെ അരുവിയായ ദൈവമേ, ഞങ്ങളുടെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും ഞങ്ങളെ ഐക്യത്തിനു സാക്ഷ്യം നല്കുന്നവരാക്കണമേ. കിണറിന്റെ ഉടമസ്ഥർ ഞങ്ങളല്ലെന്ന ബോധ്യം ഞങ്ങളിൽ ഉണർത്തണമേ. ഓരോരുത്തരിലുമുള്ള ദൈവകൃപയെ അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള വിവേകം ഞങ്ങൾക്കു നല്കേണമേ. ഞങ്ങളുടെ ഹൃദയങ്ങളിലും ജീവിതത്തിലും പരിവർത്തനം ഉണ്ടാക്കണമേ. അപ്രകാരം ഞങ്ങൾ സുവിശേഷത്തിന്റെ നേരായ വാഹകരാകട്ടെ. മറ്റുള്ളവരുമായുള്ള അഭിമുഖീകരണത്തിലേക്ക് എപ്പോഴും ഞങ്ങളെ നയിക്കണമേ. അത് അങ്ങുമായുള്ള അഭി

മുഖീകരണമായി മാറട്ടെ. പരിശുദ്ധാത്മാവുമായി ഐക്യത്തിൽ വാഴുന്ന അങ്ങയുടെ പുത്രൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥനകൾ സമർപ്പിക്കുന്നു. ആമേൻ.

## രൂപതക്കച്ചേരി

### *C. 1/2015* സഭൈക്യവാരം

2015 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നീക്കി വച്ചിരിക്കുന്ന ദിവസങ്ങളാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C.2/2015* ലോകസമാധാനദിനം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാനദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ, സ്ഥാപിതമാകാൻ നമുക്കു പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽനിന്ന് അകന്നു നിൽക്കുവാനും അങ്ങനെ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനുമുള്ള ഉത്തേജനം ഈ ദിനാചരണം നമുക്ക് നൽകട്ടെ.

*Bishop*

### *C. 3/2015* മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 33-ാം ചരമവാർഷികം 2015 ഫെബ്രുവരി 6-ാം തീയതി വെള്ളിയാഴ്ചയാണ്. പരേതനായ പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*



### *C. 4/2015* സീറോ മലബാർ മിഷൻ സൺഡേ

2015 ജനുവരി മാസം 11-ാം തീയതി ഞായറാഴ്ച സീറോ മലബാർ മിഷൻ സൺഡേ ആയി ആചരിക്കുന്ന വിവരം നേരത്തെ അറിയിച്ചിരുന്നുവല്ലോ. ഇതോടനുബന്ധിച്ച് ജനുവരി 4-ാം തീയതി വായിക്കുവാനുള്ള സർക്കുലർ ഡിസംബർ മാസത്തിലെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച പ്രാർത്ഥനാ കാർഡുകൾ, വാൾ പോസ്റ്ററുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും നല്കുവാനുള്ള കവറുകൾ എന്നിവ മുൻകൂട്ടി ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. സീറോ മലബാർ സഭ മിഷൻ പ്രദേശങ്ങളിൽ നല്കിവരുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനും മിഷൻ ദൈവവിളികൾ വളർത്തുന്നതിനും മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള ധനം സമാഹരിക്കുന്നതിനുമായി ഈ ആചരണം പ്രയോജനപ്പെടുത്തുമല്ലോ. മിഷൻസൺഡേ കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ ജനുവരി 31-ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. ഇത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന എ.എസ്.എസ്.എം. ഓഫീസിൽ നല്കുവാനുള്ളതാണ്. സീറോമലബാർ സഭയുടെ മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് സമാഹരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. രൂപതാ കാര്യാലയത്തിൽ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ ദൈവരാജ്യത്തിലൂടെ അറിയിക്കുന്നതായിരിക്കും.

*Bishop*

### *C. 5 /2015* Presbyterium

The plenary meeting of the priests of the Eparchy will be held on Tuesday, February 10, 2015 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

### *C.7/2015* വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2015 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി വയ്ക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

## *C. 8/2015* ഇടവകയിൽ തിരട്ടെഴുതുന്നവരുടെ മീറ്റിംഗ്

ഇടവകയുടെ തിരട്ട് തയ്യാറാക്കുന്നവരുടെ ഒരു മീറ്റിംഗ് ജനുവരി മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ബിഷപ്പ്സ് ഹൗസിൽ ചേരുന്നു. ഇടവകയുടെ കണക്കെഴുതുന്ന എല്ലാവരും (വൈദികരാണ് കണക്കെഴുതുന്നതെങ്കിൽ അവരും) ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

*Procurator*

## *Pr. C. 1/2015* Report of the Presbyteral Council held on Tuesday, December 16, 2014

An ordinary meeting of the Presbyteral Council was held on Tuesday 16th December 2014 at the Bishop's House. H.E. Mar George Madathikandathil presided over the meeting. Thirty five members participated. The meeting started at 10.00 am with a prayer song. The President welcomed the participants. The report of the previous meeting was read out and it was passed with a slight modification.

The first topic of the agenda was the "Year of Consecrated Life". One member suggested using the title "the Year of the Religious" instead of "the Year of Consecrated Life". The president though approved the suggestion as reasonable, opined that a decision would be taken after discussing with other bishops. Another member inquired of the Logo of the Year. The president replied that the Logo published by the Congregation for the Religious would be made available once it is prepared in common by the KCBC. The president then invited suggestions regarding the celebration of the Year. The suggestions to give due recognition to the religious, including the missionaries, to appreciate their ministry in the Church, especially in the parishes, to encourage vocations to religious life, and the like were acceptable to all.

The next topic of the agenda was the Eparchial Assembly. The president explained the preparations made so far and called for the cooperation of all priests in the survey which will be conducted in January 2015.

Following this the topic *Ashakiranam Suraksha Yajnam* was taken for further discussion. After giving an introduction concerning the importance of this project the president invited Rev. Fr. Paul Choorathotty,



Director of KSSS, to enlighten the members regarding this project undertaken by KSSS. The project includes awareness programs which will be conducted in parishes and schools, cancer detection camps, and the like. Fr. Paul invited the cooperation of all the parish priests for tin-collection for this purpose. He explained that the *Carithas India* is prepared to give as much amount as we collect for this purpose. The success of the project therefore depends on our whole-hearted cooperation and involvement.

Another topic of the agenda was Modalities for the rectification of errors in parish registers. Rev. Fr. Thomas Kuzhinjalil pointed out the need of some specific arrangement in case a rectification is needed. Clarification on the present system followed to rectify a mistake in baptismal register was given. The president exhorted all to consider the matter strictly and not to make any corrections in the register, unless by the parish priest himself, who while entering the details in the register, may correct a mistake after initialing it. So also the number given in *Atmasthithi* register is to be entered in all other registers and documents including prenuptial enquiry form, marriage register, and the like, where it is required. Another suggestion was to encourage the use of the baptismal name as the official name of the person, especially by nuns and priests. In marriage *kuries* both the name and the basptismal name are to be entered to avoid confusion and mistakes. Other suggestions included demanding strictly the filled up forms for baptism and including the name of the child together with the baptismal name.

The next topic on the agenda was a clarification regarding the calculation of salary of sacristans. The president clarified that the present usage is calculating the increment from the beginning of each financial year, and not from the beginning of each year.

Following this, the president introduced the next topic and explained the need of constituting a Reconciliation Commission for solving problems between the parish priests and the parishioners. As per the suggestion of the Council a Commission was constituted including Rev. Frs. George Kariamadam, Thomas Kuzhinjalil, Stanly Kunnel, Michael Parusseril OFM Cap. and George Thekkekara.

Finally, the accounts of the Financial Year 2013-2014 were presented and clarifications were made.

The president extended Christmas and New Year greetings and distributed Christmas gifts to all the members. The meeting came to an end by 1.00 pm.

*Secretary*

*PC. 1/2015* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**

2014 -2017 കാലയളവിലേക്ക് രൂപീകരിക്കപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ 2014 ഡിസംബർ 20 ശനിയാഴ്ച കോതമംഗലം ബിഷപ്പ്സ് ഹൗസിൽ ചേർന്നു. 109 അംഗങ്ങൾ യോഗത്തിൽ പങ്കുചേർന്നു. പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബഹു. മോൺ ഫ്രാൻസീസ് ആലപ്പാട്ട് ഏവർക്കും സ്വാഗതം ആശംസിച്ചു. ആമുഖ സന്ദേശം നൽകിയ അഭിവന്ദ്യ പിതാവ് ദൈവവും ദൈവജനവും തെരഞ്ഞെടുത്തവരെന്ന നിലയിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച് അനുസ്മരിപ്പിക്കുകയും ഇടവകയിലും കുടുംബങ്ങളിലും ആദ്ധ്യാത്മിക വളർച്ചയുണ്ടാകാൻ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. രൂപതയിലെ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു Year plan തയ്യാറാക്കേണ്ടതുണ്ടെന്നും കുടുംബശാക്തീകരണത്തിലൂടെ ഇടവകയെയും രൂപതയെയും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. ഗവൺമെന്റിന്റെ മദ്യനയങ്ങളിൽ വരുന്ന മാറ്റത്തെ പരാമർശിച്ചുകൊണ്ട് സഭയുടെ നയം പരിപൂർണ്ണമദ്യവർജ്ജനമാണെന്നും ആഘോഷങ്ങളിലും മറ്റവസരങ്ങളിലും മദ്യം പൂർണ്ണമായും ഉപേക്ഷിക്കുവാൻ ക്രൈസ്തവ കുടുംബങ്ങൾ പ്രതിജ്ഞാബദ്ധമാകണമെന്നും ഓർമ്മിപ്പിച്ചു. കാൻസർ രോഗികളെ സഹായിക്കുവാനായി രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ആശാകിരണം പദ്ധതിയോട് സഹകരിക്കുവാൻ അഭിവന്ദ്യപിതാവ് ഏവരെയും ആഹ്വാനം ചെയ്തു. സോഷ്യൽ സർവീസ് ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി ഈ പ്രോജക്ടിനെക്കുറിച്ച് സംസാരിച്ചു. തുടർന്ന് എല്ലാവരും സ്വയം പരിചയപ്പെടുത്തി. സെൻട്രൽ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുപ്പ് കൂടാതെ തന്നെ ഒരു വൈദികൻ, ഒരു സിസ്റ്റർ, നാല് അല്മായർ (3 പുരുഷന്മാർ, 1 സ്ത്രീ) എന്നിവരെ കൗൺസിൽ നാമനിർദ്ദേശം ചെയ്ത് നിയോഗിച്ചു. റവ. ഫാ. സ്റ്റാൻലി കുന്നേൽ, റവ. സി. റിൻസി FCC, ശ്രീമതി ഡെൽസി ലൂക്കാച്ചൻ, ശ്രീ. ഐപ്പച്ചൻ തടിക്കാട്ട്, ശ്രീ. കെ.സി. ജോർജ്,



അഡ്വ. റൈജു വർഗീസ് എന്നിവരാണ് സെൻട്രൽ കമ്മിറ്റിയിലേക്ക് നിയോഗിക്കപ്പെട്ടവർ. വികാരി ജനറാൾമാരായ പെ. ബഹു. മോൺ. ഫ്രാൻസീസ് ആലപ്പാട്ട്, പെ. ബഹു. മോൺ. ജോർജ് ഓലിയപ്പുറം, ചാൻസലർ ഫാ. ജോർജ് തെക്കേക്കര എന്നിവർ സെൻട്രൽ കമ്മിറ്റിയിലെ ex-officio അംഗങ്ങളുമാണ്.

തുടർന്ന് രൂപതയുടെയും വിവിധ സ്ഥാപനങ്ങളുടെയും ഭക്തസംഘടനകളുടെയും കണക്കുകൾ അവതരിപ്പിച്ച് ബന്ധപ്പെട്ട ഡയറക്ടർമാർ അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നല്കി. തുടർന്ന് മാർ ജോർജ് പുന്നക്കോട്ടിൽ ജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന 23 വിദ്യാർത്ഥികൾക്ക് 30,000 രൂപ വീതമുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. മീൻകുന്നം ഇടവകയിൽനിന്നുള്ള അനഘ ഫ്രാൻസീസ് എല്ലാ കുട്ടികളെയും പ്രതിനിധീകരിച്ച് ഏവർക്കും നന്ദി പറഞ്ഞു.

മതേതരരാഷ്ട്രമായ ഇൻഡ്യയുടെ ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യവും മതേതരത്വവും ഇല്ലാതാക്കാൻ കേന്ദ്രഭരണതലത്തിൽ നടക്കുന്ന നീക്കങ്ങളെ കൗൺസിൽ ശക്തമായി അപലപിച്ചു. ക്രിസ്തുമസ് ദിനം CBSE സ്കൂളുകളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ച് പ്രവൃത്തി ദിനമാക്കുവാനുള്ള ശ്രമവും ഇതേദിവസം തന്നെ സദ്ഭരണദിനമായി പ്രഖ്യാപിക്കുവാനുള്ള നീക്കവും പുനഃമത പരിവർത്തനത്തിനുള്ള ശ്രമങ്ങളും ഭരണകർത്താക്കളുടെ പ്രകോപന പരമായ പ്രസംഗങ്ങളും ആഹ്വാനങ്ങളും അപലപനീയമാണെന്ന് കൗൺസിൽ വിലയിരുത്തി. ഭരണഘടനയുടെ ചൈതന്യത്തിന് നിരക്കാത്ത ഇത്തരം പ്രവർത്തികൾക്കെതിരേ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഈ നടപടികൾ അവസാനിപ്പിക്കണമെന്ന് കൗൺസിൽ പ്രമേയം പാസാക്കി.

എപ്പാർക്കിയൽ അസംബ്ലി, സമർപ്പിതവർഷം എന്നീ വിഷയങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. DCMS സംഘടനയെ ശക്തിപ്പെടുത്തണമെന്നും പിന്നോക്കവിഭാഗങ്ങളിൽപ്പെട്ട ക്രൈസ്തവരെ പുനരുദ്ധരിക്കുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി.

പെ. ബഹു. മോൺ ജോർജ് ഓലിയപ്പുറം ക്രിസ്തുമസ് ആശംസകൾ നേർന്നു. ഉച്ചയ്ക്ക് 1.30 മണിയോടുകൂടി യോഗം സമാപിച്ചു.

*Secretary*

*Js.1/2015* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ ജൂബിലി മെമ്മോറിയൽ ആയി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2014 ഡിസംബർ 20-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ്ഹൗസിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 23 വിദ്യാർത്ഥികൾക്ക് 30,000 രൂപ വീതമാണ് നല്കിയത്. ഇവരുടെ പേരുവിവരങ്ങൾ ഡിസംബർ മാസത്തിലെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 116 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാ പരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 23 പേരെ തെരഞ്ഞെടുത്തത്.

*Secretary*

## മൈനർ സെമിനാരി

*MS 1 /2015* **ദൈവവിളി ക്യാമ്പ്**

2014 ഡിസംബർ 21 മുതൽ 23 വരെ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടന്നു. ക്യാമ്പിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിച്ചു പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവം നന്ദി.

*MS 2 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Sunny Kaduthazhe, Mathirappilly | ₹ | 12000 |
| 2 | CML, Arikuzha | ₹ | 5000 |
| 3 | Joseph Puthiaparambil, Nirmalamatha, Muvattupuzha | ₹ | 10000 |
| 4 | Kurian Thalappillil, Neyyassery | ₹ | 12000 |
| 5 | Fr. Abraham Perumpanany | ₹ | 10000 |
| 6 | Geo Moozhiyil, Muthalakodam | ₹ | 10000 |
| 7 | Mathachen Inchackal, Nellimattam | ₹ | 12500 |
| 8 | Sebastian Ouseparambil, Vijnanamatha, Thodupuzha | ₹ | 12000 |
| 9 | CML, Cathedral | ₹ | 5000 |
| 10 | Joe Emmanuel Thekkilakatt, Perumannoor | ₹ | 10000 |



*Rector*

## വിജ്ഞാനഭവൻ

*V. 1/2015* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാതലം : 2015 ജനുവരി 10 ശനി**
**സമയം : 10.30 a.m - 12.00 noon.**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

**സിസ്റ്റേഴ്സിനും അല്മായർക്കും പ്രത്യേകം സമ്മാനമുള്ളതിനാൽ രൂപതാതലമത്സരത്തിലേക്ക് രണ്ടു വിഭാഗങ്ങളിൽ നിന്നും ഓരോരുത്തരെ വിടാവുന്നതാണ്.**

*V. 2/2015* **അദ്ധ്യാപക സെമിനാർ**

**2015 ഫെബ്രുവരി 15 ഞായറാഴ്ച കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്താനിരുന്ന അദ്ധ്യാപക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.**

*V. 3/2015* **അനുമോദനങ്ങൾ**

2014 നവംബർ 29, 30 തീയതികളിലായി P.O.C. -യിൽ വച്ച് നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ നമ്മുടെ രൂപതയിൽ നിന്നും താഴെ പറയുന്നവർ സമ്മാനാർഹരായി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

**B വിഭാഗം - ഡിന്റ ബേബി കാവാട്ട്, കോലടി - First**
**F വിഭാഗം - ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ, പന്നിമറ്റം - First**
**B വിഭാഗം - ബിനിമോൾ ബെന്നി പൂവന്നിക്കുന്നേൽ, മുട്ടത്തുപാറ - Fourth**
**F വിഭാഗം - സി. അലക്സിസ് FCC, മൂവാറ്റുപുഴ - Fourth**

*V. 4/2015* **സമ്മാനദാനം**

2014-ലെ ലോഗോസ് ക്വിസിൽ A മുതൽ F വരെ വിഭാഗങ്ങ

ളിൽ രൂപതാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ, കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, അംഗസംഖ്യാനുപാതത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, ഓരോ വിഭാഗത്തിലെയും സമ്മാനാർഹരായ വിശ്വാസപരിശീലകർ, കോൺഗ്രിഗേഷൻ, വിശ്വാസപരിശീലനരംഗത്ത് 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, 4, 7, 10, 12 ക്ലാസ്സുകളിലെ കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ് വിജയികൾ, ഈ വർഷത്തെ അദ്ധ്യാപകർക്കുള്ള ലേഖന മത്സരവിജയികൾ, കുട്ടികൾക്കുള്ള കവിതാമത്സരവിജയികൾ എന്നിവർക്കുള്ള സമ്മാനങ്ങൾ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് 2015 ജനുവരി 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00-ന് അഭിവന്ദ്യപിതാവ് നൽകുന്നു. അർഹരായവർ തദവസരത്തിൽ എത്തിച്ചേരേണ്ടതാണ്.

**NB. സമ്മാനാർഹരായവരെ HM ഇക്കാര്യങ്ങൾ അറിയിക്കുമല്ലോ.**

*V. 5/2015* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

ഫെബ്രുവരി 7 ശനി
Contact Class II - Std. XI, XII
സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ
സമയം : 9.30 a.m. - 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.



*V. 6/2015* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**Std. IV**

| | | |
|---|---|---|
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. VII**

| | | |
|---|---|---|
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. X**

| | | |
|---|---|---|
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 7/2015* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസിന്റെ ഇടവകകളിലേക്കുള്ള സമ്മാനങ്ങൾ ജനുവരി 10 മുതൽ വിതരണം ചെയ്യുന്നതാണ്. **ഓഫീസിൽ വിളിച്ച് അന്വേഷിച്ചതിനുശേഷം വരേണ്ടതാണ്.**

*V. 8/2015* **തിയോളജി ക്ലാസ്സ്**

2015 ജനുവരി 2 മുതൽ മുവാറ്റുപുഴ നെസ്റ്റിൽ വച്ച് തിയോളജി ക്ലാസ്സുകൾ ആരംഭിക്കുന്ന വിവരം ഇതിനോടകം അറിഞ്ഞുകാണുമല്ലോ. വിശ്വാസപരിശീലകരായുള്ളവരും അതിനായി ആഗ്രഹിക്കുന്നവരും ഈ കോഴ്സിൽ പങ്കുചേരുന്നത് നല്ലതാണ്.

*V. 9/2015* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പ്പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

# Corporate Educational Agency

### *Edn. 1/2015* **സ്കൂൾ റിപ്പോർട്ടു സമർപ്പണം**

2014-2015 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാൻ ഉള്ള ഫോറം വെബ് സൈറ്റിൽ നിന്ന് എടുത്ത് യഥാവിധി പൂരിപ്പിച്ച് 2015 ജനുവരി 31-ാം തീയതിക്കകം ഓഫീസിൽ കിട്ടത്തക്കവണ്ണം എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. താമസിച്ചു കിട്ടുന്ന റിപ്പോർട്ട് പരിഗണിക്കുന്നതല്ല.

### *Edn. 2/2014* **Fitness Application**

2015 -2016 സ്കൂൾ വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷകൾ തരാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ജനുവരി 15-ാം തീയതിക്കകം ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതല്ല.

2014-2015 Maintenance grant-ന്റെ കണക്കും വൗച്ചേഴ്സും അതാത് AEO/DEO ഓഫീസുകളിൽ ഏല്പിക്കുവാൻ എല്ലാ ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. (Rs. 3500/- നു മുകളിലുള്ള കണക്കുകൾ (C.A.) Audit ചെയ്തു കൊടുക്കേണ്ടതാണ്.)

### *Edn. 4/2014* **Catechism/Moral Science Competitive Examination 2014-2015**

ഈ വർഷത്തെ Catechism/Moral Science മത്സരപരീക്ഷ 2015 ജനുവരി 31-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തുന്നതാണ്. (ഡിസംബർ മാസത്തിലെ ദൈവരാജ്യം കാണുക).

*Secretary*



# ചെറുപുഷ്പമിഷൻലീഗ്

### *CML 1/2015* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

2014 ഡിസംബർ 13-ാം തിയതി കോതമംഗലം മൈനർ സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ശാഖാ- മേഖലാ ജോയിന്റ് ഡയറക്ടേഴ്സിന്റെ സംഗമം നടത്തി. റവ. ഫാ. പോൾ ചൂരത്തൊട്ടി ക്ലാസ് നയിച്ചു. എൺപതോളം പേർ പങ്കെടുത്തു.

### *CML 2/2015* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസമത്സരം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ അനുസ്മരണാർത്ഥം ജോയിന്റ്ഡയറക്ടേഴ്സ്, അല്മായ മിഷനറിമാർ എന്നിവർക്കായി നടത്തിയ ഉപന്യാസമത്സരത്തിൽ വിജയികളായവരുടെ പേര് ചുവടെ ചേർക്കുന്നു.

**ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്**

ഒന്നാം സമ്മാനം - റവ. സി. ആൻസലെറ്റ് CMC, മാതിരപ്പിള്ളി
രണ്ടാം സമ്മാനം - റവ. സി. ഡെലീന CMC, മൂവാറ്റുപുഴ
മൂന്നാം സമ്മാനം - റവ. സി. റാണിറ്റ് FCC, നിർമ്മലമാതാ

**അല്മായ മിഷനറിമാർ**

1) തോമസ് വി.വി. വയലിൽ നാടുകാണി ശാഖ
2) ആൽഫി റോസ് തോമസ് ചുണ്ടങ്ങായിൽ, നിർമ്മലമാതാ
3) ബീന നെല്ലിക്കുഴി ശാഖ

### *CML 3/2015* **ചെറുസൂനം ക്വിസ്**

ചെറുസൂനം ക്വിസ് ആദ്യറൗണ്ട് മത്സരം ശാഖാതലത്തിൽ 2015 ഫെബ്രുവരി 15 ഞായറാഴ്ച ഉച്ചയ്ക്ക് 12.30 മുതൽ 1.00 മണിവരെ നടത്തപ്പെടുന്നു. 2014 ജൂൺ മുതൽ 2015 ജനുവരി വരെയുള്ള മാസങ്ങളിലെ ചെറുസൂനം മാസികകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ. അതോടൊപ്പം കോതമംഗലം രൂപത ചെറുപുഷ്പമിഷൻലീഗ് പ്രസി

ഢീകരണമായ വി. ജോൺ പോൾ II ചിത്രകഥയിൽ നിന്നും ചോദ്യ ങ്ങൾ വരുന്നതായിരിക്കും. ചോദ്യപേപ്പറുകൾ ആനിമേറ്റേഴ്സിന്റെ കൈവശം എത്തിച്ചുതരുന്നതായിരിക്കും. ഉത്തരക്കടലാസുകൾ രൂപതാ മിഷൻലീഗ് ഓഫീസിൽ വച്ചായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. പരമാവധി കുട്ടികളെ ഇതിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 1/2015* **സംസ്ഥാന കലാമത്സരം**

കെ.സി.എസ്.എൽ. സംസ്ഥാനകലാമത്സരം 2015 ജനുവരി 10-ാം തീയതി ചങ്ങനാശ്ശേരിയിൽ വച്ച് നടത്തപ്പെടുന്നു. രൂപതാതലത്തിൽ കുട്ടികളെ ഒരുമിച്ച് ചേർത്ത് കൊണ്ടുപോകുന്നില്ല. പങ്കെടുക്കാൻ താല്പ ര്യമുള്ളവർക്ക് നേരിട്ട് പോയി സംബന്ധിക്കാവുന്നതാണ്. നേരിട്ട് പോകു വാൻ താല്പര്യമുള്ളവർ ആ വിവരം രൂപതാ ഓഫീസിൽ അറിയിക്കു മല്ലോ. പേര് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയാണിത്.

*Director*

## സോഷ്യൽ സർവീസ്

*SS. 1 /2015* **ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ് നടത്തി**

ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ് മൂവാറ്റു പുഴ NESTT-ൽ വച്ച് നടത്തപ്പെട്ടു. ബിഷപ്പ് എമരിറ്റസ് മാർ ജോർജ്



പുന്നക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് മത്തച്ചൻ ചേബ്ലാങ്കൽ അദ്ധ്യക്ഷത വഹിച്ചു. KSSS ഡയറക്ടർ ഫാ. പോൾ ചൂര ത്തൊട്ടി മുഖ്യപ്രഭാഷണം നടത്തി. വിവിധവിഷയങ്ങളിലായി അല്ക്സ് താളുപ്പാടം, ബാബു തണ്ണിക്കോട്ട്, ജോഷി രാജഗിരി എന്നിവർ ക്ലാസ്സു കൾ നയിച്ചു. പിന്നോക്കവികസന വിഭാഗ കോർപ്പറേഷന്റെ വിവിധ സ്കീമുകളെ സംബന്ധിച്ച് റീജിയണൽ മാനേജർ ജെബിൻ പി. പി. ക്ലാസ് നയിച്ചു. ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമാപന സന്ദേശം നൽകി. വിവിധ ക്രെഡിറ്റ് യൂണിയനുകളിൽ നിന്നുമായി നൂറോളം ഭാരവാഹികൾ പങ്കെടുത്തു. അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ, രൂപത സെക്രട്ടറി ജോൺസൺ കറുകപ്പിള്ളിൽ, വർഗീസ് പേയ്ക്കൽ, റോബിൻ ആന്റണി, ജോസ് കോടമുള്ളിൽ, ഫെബിൻ ഫ്രാൻസീസ്, സി. ആൻ ഗ്രേസ് എന്നിവർ നേതൃത്വം നൽകി.

*SS. 2 /2015* **ആശാകിരണം കാൻസർ കെയർ പ്രോഗ്രാം**

കാൻസർ രോഗികളുടെ സുരക്ഷയ്ക്കായി രൂപതാതലത്തിൽ ആരംഭിച്ചിരിക്കുന്ന ആശാകിരണം പദ്ധതിയുടെ ആനിമേറ്റേഴ്സ് ട്രെയി നിംഗ് പ്രോഗ്രാം മൂവാറ്റുപുഴ NESTT -ൽ വച്ച് നടത്തി. ക്രെഡിറ്റ് യൂണിയൻ രൂപത പ്രസിഡന്റ് മത്തച്ചൻ ചേബ്ലാങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വച്ച് KSSS ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇന്ത്യ ആശാകിരണം കോ-ഓർ ഡിനേറ്റർ സിബി ജോളി ബോധവൽക്കരണത്തിന് നേതൃത്വം നൽകി. ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ, ജോൺസൺ കറുകപ്പിള്ളിൽ, വർഗീസ് പേയ്ക്കൽ, ഫാ. പോൾ കാരക്കൊമ്പിൽ, ഐപ്പ് ജോൺ കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു.

*SS. 3 /2015* **ആശാകിരണം**

ആശാകിരണം പദ്ധതിയുടെ ധനസമാഹരണാർത്ഥമുള്ള കാൻസർ സുരക്ഷാനിധി ബോക്സുകളും ബ്രോഷറുകളും ജനുവരി യോടുകൂടി എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. ഈ പദ്ധതി യോട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*Director*

## ജീസസ് യൂത്ത്

*JY 1 /2015* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഡിസംബർ 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 14-ാം തീയതി 1.00 am -ന് ദിവ്യബലിയോടുകൂടി സമാപിച്ചു. നാല്പതുപേർ പങ്കെടുത്തു. ബ്രദർ ബാബു രാജക്കാട് ക്ലാസ് നയിച്ചു. ഫാ. പോൾ കാരക്കൊമ്പിൽ ദിവ്യബലി അർപ്പിച്ചു. അടുത്ത നൈറ്റ് വിജിൽ ജനുവരി 11-ാം തീയതി ആയിരിക്കും.

*JY 2 /2015* **Parish Fest Follow-up**

ഡിസംബർ 6-ാം തീയതി വൈകിട്ട് 6 മണി മുതൽ 7-ാം തീയതി 4.00 മണി വരെ All Kerala Parish Leaders' Fest -ന്റെ Follow-up മൂവാറ്റുപുഴ NESTT ൽ വച്ച് നടത്തി. കോതമംഗലം സോണിൽ നിന്നും നാല്പതോളം ലീഡേഴ്സ് follow-up -ൽ പങ്കെടുത്തു.

*JY 3 /2015* **Outreach child support**

Kerala Jesus Youth-ന്റെ Jubilee Project -ന്റെ ഭാഗമായ Out reach child support -ന്റെ സഹായം സ്വീകരിക്കുന്ന നൂറ്റിമുപ്പത് കുട്ടികളുടെയും മാതാപിതാക്കളുടെയും സംഗമം ഡിസംബർ 26-ാം തീയതി NESTT -ൽ വച്ച് നടത്തി.

*JY 4 /2015* **വളർച്ചാ ധ്യാനം**

ജീസസ് യൂത്ത് കോതമംഗലം സോൺ ലീഡേഴ്സിനായി ഒരുക്കുന്ന വളർച്ചാധ്യാനം മുതലക്കോടം Sapientia centre -ൽ വച്ച് ജനുവരി 16 മുതൽ 18 വരെ നടത്തുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമാണ് ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നത്.

*Director*



## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA . 1 /2015*

ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന കുടുംബസംഗമങ്ങൾ ജനുവരി 3 ശനി - കാളിയാർ, ജനുവരി 10 ശനി - കരിമണ്ണൂർ, ജനുവരി 26 തിങ്കൾ - തൊടുപുഴ എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോന, ഇടവകതലഭാരവാഹികളും കുടുംബാംഗങ്ങളും കൂടാതെ ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സുമാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്.

മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും ജനുവരി 28 ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

*FA . 2 /2015* **ഹോംമിഷൻ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിലുള്ള ഹോംമിഷൻ പ്രോഗ്രാം ജനുവരി 2 മുതൽ പെരുമ്പിള്ളിച്ചിറ ഇടവകയിൽ നടത്തുന്നതാണ്.

*FA .3 /2015* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| Jan. | 7 - 9 | - | NESTT |
| " | 21 - 23 | - | NESTT |

Ph.0485 2830035, Mob.9142588488, 9495011191

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 1 /2015*

കത്തോലിക്കാ കോൺഗ്രസ് ഡിസംബർ 13-ാം തീയതി മൂവാറ്റുപുഴ വച്ച് നടത്തിയ രൂപതാസമ്മേളനം വിജയിപ്പിക്കാൻ സഹകരിച്ച

ബഹു. അച്ചന്മാർക്കും രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കട്ടെ. സമ്മേളനം ഉദ്ഘാടനം ചെയ്ത മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തിരുമേനിയും അദ്ധ്യക്ഷത വഹിച്ച മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവും അനുഗ്രഹ പ്രഭാഷണം നടത്തിയ മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ പിതാവും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവും സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ച കേന്ദ്ര ഭാരവാഹികളും രൂപതാ ഭാരവാഹികളും നല്കിയ സന്ദേശം സംഘടനയ്ക്ക് പുത്തൻ ഉണർവ്വു പകരുന്നതായിരുന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് പ്രഖ്യാപിച്ച കുടുംബകൃഷി പദ്ധതിയും സൗജന്യ ചികിത്സാ പദ്ധതിയും യൂണിറ്റ് തലത്തിൽ പ്രായോഗികമാക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. പുതുവത്സരം കത്തോലിക്കാകോൺഗ്രസിനെ സംബന്ധിച്ചിടത്തോളം യൂണിറ്റുതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയുള്ള വളർച്ചയുടെ വർഷമാകട്ടെ.

*Director*

## മാതൃദീപ്തി

*MD. 1 /2015* **രൂപതാകൗൺസിൽ**

2014 ഡിസംബർ 22-ന് രൂപത ഡയറക്ടർ ബ. ജോസഫ് എഴുമായിൽ അച്ചന്റെ നേതൃത്വത്തിൽ നെസ്റ്റിൽ വച്ച് രൂപതാകൗൺസിൽ കൂടുകയുണ്ടായി. ജൂബിലി നിറവിലായിരിക്കുന്ന മുൻ ഡയറക്ടർ ബ. ജോസഫ് കൊച്ചുപറമ്പിലച്ചന് രൂപതാ കുടുംബം ആശംസകൾ അർപ്പിച്ചു. ക്രിസ്മസ് ആഘോഷങ്ങൾ നടത്തി.

രൂപതാ ടീം അംഗങ്ങൾ ബ. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മുതലക്കോടം സാൻജോഭവൻ വൈദികമന്ദിരത്തിലെ ബ. അച്ചന്മാരെ സന്ദർശിക്കുകയും ക്രിസ്മസ് മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.



അതിനുശേഷം ഏഴുമുട്ടം പ്രൊവിഡൻസ് ഹോമിലെ കുട്ടികളെ കാണുകയും അവരോടൊത്ത് ക്രിസ്മസ് ആഘോഷിക്കുകയും ചെയ്തു.

*MD. 2 /2015* **അനുമോദനങ്ങളും അഭിനന്ദനങ്ങളും**

ജനുവരി 15-ന് മാതൃദീപ്തിയുടെയും ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ രൂപതയിലെ നവവൈദികർക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുവാൻ NESTT പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടുന്നതാണ്.

MD. 3 /2015 **രൂപത എക്സിക്യൂട്ടീവ്**

2015 ജനുവരി 9-ന് രാവിലെ 10 മണി മുതൽ രൂപത എക്സിക്യൂട്ടീവ് യോഗം NESTT -ൽ വച്ച് ചേരുന്നു

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 1/2015* **ഏകസ്ഥ കൂട്ടായ്മ**

2015 ജനുവരി 12-ന് രാവിലെ 10 മണിമുതൽ NESTT -ൽ വച്ച് മരിയൻ സിംഗിൾസ് കൂട്ടായ്മയും ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Jan. | 7 - 9 | - വിവാഹഒരുക്കസെമിനാർ |
| " | 16 | - ഫാമിലി അപ്പോസ്റ്റലേറ്റ് കൗൺസിൽ |
| " | 17 | - കുടുംബയോഗം |
| " | 21 - 23 | - വിവാഹഒരുക്കസെമിനാർ |
| " | 23 - 26 | - ധ്യാനം |
| " | 31 - | - JCI Meet |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | **January** | 20 |
| " | Sebastian Kadambanatt | " | 20 |
| " | Sebastian Kallumkal | " | 20 |
| " | Sebastian Kanimattathil | " | 20 |
| " | Sebastian Namattathil | " | 20 |
| " | Sebastian Pannarakunnel | " | 20 |
| " | Sebastian Thuruthippillil | " | 20 |
| " | Sebastian Valiyathazhathu | " | 20 |
| " | Sebastian Valloppillil | " | 20 |

## വാർത്തയും വിശേഷങ്ങളും

### റവ. ഡോ. മാത്യു കൊച്ചുപുരയ്ക്കലിന് ആശംസകൾ

ഓസ്ട്രേലിയായിൽ പുതിയതായി സ്ഥാപിതമായ സീറോമലബാർ മെൽബൺ രൂപതയുടെ ചാൻസലറായി നിയമിതനായിരിക്കുന്ന റവ. ഡോ. മാത്യു കൊച്ചുപുരയ്ക്കലച്ചന് സ്നേഹപൂർവകമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. 2014 ഡിസംബർ 29-ന് അച്ചൻ ഓസ്ട്രേലിയയ്ക്ക് പോയി.

### റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിക്ക് ആശംസകൾ

സീറോമലബാർ ലിറ്റർജി കമ്മീഷന്റെയും തിയോളജി കമ്മീഷന്റെയും അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിതനായി കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലേക്ക് പോകുന്ന നമ്മുടെ രൂപതാംഗം റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളി അച്ചന് അഭിനന്ദനങ്ങളും ആശംസകളും പ്രാർത്ഥനകളും നേരുന്നു. ജനുവരി 1-ന് അച്ചൻ പുതിയ ജോലി ഏറ്റെടുക്കും.

*Bishop*

---

### ജീവ സ്കോളർഷിപ്പ്

കഴിഞ്ഞ വർഷം നൽകിയതുപോലെ ഈ വർഷവും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് SCALAE



Society വഴി വിതരണം ചെയ്യുന്നതാണ്. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുവാനുള്ള ഒരു പദ്ധതിയാണിത്. ഈ വർഷം 30000/- രൂപ വീതം 111 പേർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. ഒരു കുട്ടിക്ക് ഒരു പ്രാവശ്യം മാത്രമാണ് ഈ സ്കോളർഷിപ്പ് നൽകുക. സാമ്പത്തികശേഷിമാത്രമാണ് ഇതിനു പ്രധാനമായും പരിഗണിക്കുന്നത്.

ഇത് ഫലപ്രദമായി നടപ്പിലാക്കുവാൻ ബഹു. അച്ചന്മാരുടെ സഹായം കൂടിയേ തീരൂ. പള്ളികളിൽ ഈ വിവരം പരസ്യപ്പെടുത്തി ഏറ്റവും അർഹരായവരെ തെരഞ്ഞെടുക്കുവാൻ ഞങ്ങളെ സഹായിക്കുമല്ലോ. നമ്മുടെ രൂപതയുടെ ഒരു സാമൂഹ്യക്ഷേമപ്രവർത്തനമായി ഇതിനെ ഉയർത്തി കാണിക്കുന്നതും ഇതിലേക്ക് സംഭാവനകൾ നൽകുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതും നന്നായിരിക്കും.

സ്കോളർഷിപ്പിനുള്ള അപേക്ഷാഫോറം www.jeevaklm.com എന്ന വെബ്സൈറ്റിൽ നിന്നും ജനുവരി 10-നുശേഷം download ചെയ്ത് എടുക്കാവുന്നതാണ്. കൃത്യമായി പൂരിപ്പിച്ച അപേക്ഷകൾ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളോടുകൂടി പരീക്കണ്ണി ഓഫീസിലോ കോതമംഗലം ജീവമിൽക്കിന്റെ ഓഫീസിലോ, മുവാറ്റുപുഴ ലതാപടിക്കലുള്ള ജീവ മെഡിക്കൽ ഷോപ്പിലോ 2015 ഫെബ്രുവരി 7 ശനിയാഴ്ച 5.00 pm -ന് മുമ്പായി ലഭിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹരായവരെ ഫെബ്രുവരി 23, 24, 25 തീയതികളിലായി ഫോൺ വഴി വിവരം അറിയിക്കുന്നതാണ്.

Fr. Jacob Thalapilly
Secretary Cum Treasurer
Scalae Society, Pareekanni

---

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ**

23 • വത്തിക്കാനിൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും വിശുദ്ധ പദവി പ്രഖ്യാപനത്തിൽ പങ്കെടുത്തു.

24 • വിശുദ്ധ പദവി പ്രഖ്യാപനത്തെത്തുടർന്ന് റോമിൽ നടന്ന കൃതജ്ഞതാബലിയിൽ പങ്കെടുത്തു.

27 • ദൈവദാസൻ മോൺ. ജോസഫ് സി. പഞ്ഞിക്കാരനച്ചന്റെ നാമകരണനടപടിയോടനുബന്ധിച്ച് കബറിടം തുറന്ന് കാനോനിക പരിശോധനയ്ക്ക് നേതൃത്വം നൽകി.

28 • കോതമംഗലം രൂപതയിൽ തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കളുടെയും വികാരിയച്ചന്മാരുടെയും മീറ്റിംഗിൽ ബിഷപ്പ്സ് ഹൗസിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• പോത്താനിക്കാട് പുതുക്കി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ രണ്ടാംനിലയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

30 • വടാട്ടുപാറ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതുക്കി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയും ചെയ്തു.

**ഡിസംബർ**

1 • കോതമംഗലം കത്തീഡ്രലിൽ പുളിക്കൽ ബഹു. അബ്രാഹം അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2 • മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

3 • മാതാവിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് വിജയപുരം വിമലഗിരി കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

6 • അയിരൂർപാടത്ത് നസ്രത്ത് സന്യാസിനീസമൂഹത്തിന്റെ പുതുക്കി നിർമ്മിച്ച മഠം വെഞ്ചരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

• മാതിരപ്പിള്ളി ഇടവകയിൽ നടന്നുകൊണ്ടിരുന്ന ബൈബിൾ കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

7 • മുതലക്കോടം ഇടവകയിൽ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.



8 • ആരക്കുഴ കപ്പേളയിൽ പരിശുദ്ധ മാതാവിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി.

9–11 • പി.ഒ.സി.-യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

12 • ഊരക്കുന്നം പള്ളിയിലെ രാത്രി ആരാധനയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 • മൈനർ സെമിനാരിയിൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

• മൂവാറ്റുപുഴ NESTT -ൽ ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

• മൂവാറ്റുപുഴയിൽ നടന്ന എ.കെ.സി.സി. മീറ്റിംഗിനോടനുബന്ധിച്ച് ഹോളിമാഗി പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്നു നിർമ്മല ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

15 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

16 • ബിഷപ്പ്സ് ഹൗസിൽ നടന്ന പ്രെസ്ബിറ്ററൽ കൗൺസിലിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17 • ബിഷപ്പ്സ് ഹൗസിൽ നടന്ന യുവവൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

• ധർമ്മഗിരി ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച ഡയാലിസിസ് യൂണിറ്റിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

19 • കോതമംഗലം ബൈബിൾ കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

20 • ബിഷപ്പ്സ് ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിലിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## Bishop's Engagements

**January 2015**

| | | | | |
|---|---|---|---|---|
| 1 | Thu | Ordination | Karimannoor | 9.15 am |
| | | Ordination | Anchiri | 2.15 pm |
| 2 | Fri | Meeting | NESTT | 5.00 pm |
| 3 | Sat | Ordination | Ponnamthanam | 9.15 am |
| | | Holy Qurbana | Vazhakulam | 5.00 pm |
| 4 | Sun | Ordination | Cathedral | 2.15 pm |
| 5-9 | | Synod | Kakkanad | |
| 10 | Sat | Meeting | Muvattupuzha | 10.30 am |
| | | Meeting | Bishop's House | 3.00 pm |
| 11 | Sun | Holy Qurbana | Punnathara | 3.00 pm |
| 12 | Mon | Ordination | Nakapuzha | 9.30 am |
| 13 | Tue | Meeting | Minor Seminary | 6.30 pm |
| 14-15 | | | Engaged | |
| 16 | Fri | Meeting | Arakuzha | 2.30 pm |
| 17 | Sat | Holy Qurbana | Thodupuzha | 11.00 am |
| 19 | Mon | Baptism | Cathedral | 10.00 am |
| 20 | Tue | Meeting | Purapuzha | 10.30 am |
| | | Blesssing | Kuthumkal | 3.00 pm |
| 21 | Wed | Meeting | Bishop's House | 10.30 am |
| 22 | Tue | Holy Qurbana | Mupliyam | 5.00 pm |
| 23 | Fri | Meeting | Kallanickal | 11.00 am |
| | | Meeting | Cathedral | 4.30 pm |
| 24 | Sat | Meeting | Vazhakulam | 3.00 pm |
| 25 | Sun | Engaged | | |
| 26 | Mon | Meeting | Minor Seminary | |
| 27 | Tue | Holy Qurbana | Kuravilangad | 10.30 am |
| 28 | Wed | Homily | Kaduthuruthy | 10.00 am |
| 29 | Thu | Marriage | Thodupuzha | 2.00 pm |
| | | Holy Qurbana | Alakode | 3.00 pm |
| 30 | Fri | Holy Qurbana | Vazhakulam | 4.30 pm |
| 31 | Sat | Engaged | | |



## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോർജ് പുഞ്ചേക്കുന്നേൽ | ” | 03-02-2014 |
| ഫാ. ജോസ് പുന്നോലിൽ | ” | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ” | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ” | 19-02-1999 |
| ഫാ. മാത്യു കുന്നത്ത് | ” | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ” | 26-02-2000 |